www.malankaralibrary.com



# ഫാ. പ്ലാസിഡ്

## ഒരനുസ്മരണം

www.malankaralibrary.com

# ഫാദർ പ്ലാസിഡ്

## ഒരു അനുസ്മരണം

സെൻറ് ജോസഫ് പ്രോവിൻസ്

തിരുവനന്തപുരം

www.malankaralibrary.com

# ഫാ. പ്ലാസിഡ് സി. എം. ഐ.

## (ഒരു അനുസ്മരണം)

ആഷ്ഭാരതത്തിന്റെ തെക്കുപടിഞ്ഞാറെ കോണിൽ പരശുരാമൻ മഴുവെറിഞ്ഞുണ്ടാക്കിയ കേരളമെന്ന കൊച്ചു രാജ്യം! ലോകസംസ്കാരങ്ങളുടെ സമഞ്ജസ സമ്മേളനത്തിന് കളമൊരുക്കുകയും എല്ലാ സംസ്കാരങ്ങളെയും ഉള്ളുതുറന്ന് ഉൾക്കൊള്ളുകയും വളർത്തുകയും വിന്യസിപ്പിക്കുകയും ചെയ്ത ചേരരാജാക്കന്മാരുടെ ആസ്ഥാനം! പള്ളിയും മോസ്കും അമ്പലവും ഗുരുദ്വാരയും സിനഗോഗും തോളുരുമ്മി നിൽക്കുന്ന സമാധാനത്തിന്റെയും ശാന്തിയുടെയും വിളനിലമായ പുണ്യഭൂമി! ആദിശങ്കരാചാര്യക്ക് ജന്മം നൽകുകയും വി. തോമാശ്ലീഹായ്ക്ക് സ്വാഗതമരുളുകയും ചാവറയച്ചനും അൽഫോൻസാമ്മയ്ക്കും മറിയം ത്രേസ്യായ്ക്കും പിള്ളത്തൊട്ടിലൊരുക്കുകയും ശ്രീനാരായണഗുരു സ്വാമിക്ക് ജന്മംനൽകുകയും ചെയ്ത പൊൻ തറവാട്! എഴുത്തച്ഛന്റെ കിളിക്കൊഞ്ചലും നമ്പൂതിരിമാരുടെ മണിപ്രവാള

www.malankaralibrary.com



വും ആശാന്റെയും ഉള്ളൂരിന്റെയും വള്ളത്തോളിന്റെയും ശംഖൊലികളും ഇടപ്പള്ളി കവികളുടെ അനശ്വര പ്രേമഗാഥകളും എല്ലാം എല്ലാം മുഖരിതമാക്കിയ കൊച്ചു കേരളം! ബൈബിളും ഗീഥയും ഖുറാനും വേദങ്ങളും വർണ്ണാശ്രുപ്പൊലിമയിൽ രാഗം മീട്ടുന്ന കൊച്ചു കന്യക! ധർമ്മരാജാക്കന്മാരും ഭാരത ഋഷിമാരും, ജനസേവനത്തിന്റെ കാവൽ ഭടന്മാരായി വിരാജിച്ച ദൈവിക ഭൂമി! ഈ കൊച്ചു കേരളത്തിന്റെ മദ്ധ്യരേഖയിൽ അലയാഴിയും ഗിരിശിഖരങ്ങളും ആലിംഗനം ചെയ്യുന്ന മാന്നാനം! ചരിത്രത്തിന്റെ ഈടുററ അദ്ധ്യായങ്ങൾ നെയ്തുകൂട്ടുകയും ഭാരതസഭയുടെ തലസ്ഥാനമായി വിരാജിക്കുകയും ചെയ്യുന്ന മാന്നാനം കുന്ന്. ഭാരതസഭയിലെ അദ്യ ആചാര്യന്മാർ തങ്ങളുടെ സമർപ്പിത ജീവിതത്തിന്റെയും തപസ്യയുടെയും ജനസേവനത്തിന്റെയും കേന്ദ്രമായി തെരഞ്ഞെടുത്ത ബേസ് റൗമ്മ! അതിന്റെ അടിവാരത്തിൽ ആർപ്പൂക്കരയെന്ന കൊച്ചു ഗ്രാമം!

## ജനനം

ഈ കൊച്ചു ഗ്രാമത്തിൽ ശ്രമബദ്ധരായ കർഷക കുടുംബങ്ങൾ തിങ്ങിപ്പാർക്കുന്നു ഈ കുടുംബങ്ങളിൽ ഏററവും പുരാതനവും പ്രശസ്തവും പ്രഗത്ഭരുടെ ഈററില്ലവുമായ ഒരു കുടുംബമാണ് പൊടിപാറ. രാഷ്ട്രീയവും സാമുദായികവുമായ എല്ലാ പ്രതലങ്ങളിലും അതതുകാലത്തു വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ള പ്രഗത്ഭരുടെ ഒരു കൂട്ടായ്മ! ഈ കുടുംബത്തിലാണ് ഭാരതസഭ പുറപ്പെടുവിച്ചിട്ടുള്ള അതിപ്രശസ്തരായ പണ്ഡിതന്മാരിൽ അഗ്രിമനായ ഫാ. പ്ലാസിഡ് ജനിച്ചത്. 1899 ഒക്ടോബർ 3–ാം തീയതി ചാക്കോ–റോസ എന്നീ ദമ്പതിമാരുടെ വിവാഹവല്ലരിയിൽ മൊട്ടിട്ടു വിരിഞ്ഞ പി. സി. ജോസഫാണ് പിൽക്കാലത്ത് ഡോ. പ്ലാസിഡായി വളർന്നത്. ഈ കുടുംബം ഇടത്തുമ്പറമ്പിൽ കുടുംബശാഖയിൽ ഒന്നാണ്. തറവാടായ ചമ്പക്കുളത്തെ വൈപ്പൻമഠം കുടുംബക്കാർ ആദ്യം കടുത്തുരു

www.malankaralibrary.com



ത്തിയിലേയ്ക്കും പിന്നീട് കുടമാളൂരേയ്ക്കും താമസം മാററിയെന്നാണ് ഐതിഹ്യം. പ്രശസ്തമായ ഈ കുടുംബത്തിലെ ഏററവും പ്രശസ്തനായ വ്യക്തിയാണ് കഥാനായകൻ അദ്ദേഹത്തിൻെറ ഏക ജ്യേഷ്ഠൻ വക്കിയുടെ പുത്രനാണ് കേരള രാഷ്ട്രീയത്തിലെ കരുത്തുററ നായകന്മാരിൽ ഒരുവനായ ശ്രീ. ജോർജ്ജ് ജോസഫ് പൊടിപാറ. ഇടവക കുടമാളൂർ ആയിരുന്നെങ്കിലും മാന്നാനവുമായി ആ കുടുംബത്തിനുള്ള സാമീപ്യം അവരെ മാന്നാനംകാരാക്കി മാററി.

## വിദ്യാഭ്യാസം

പി. സി. ജോസഫ്, അദ്ദേഹത്തിൻെറ പ്രാഥമിക വിദ്യാഭ്യാസം നിർവ്വഹിച്ചതു് ഭാരതസഭയിലെ ഇതിഹാസപുരുഷന്മാർക്ക് ജന്മമരുളിയ മാന്നാനം സെൻറ് എഫ്രേംസ് സ്ക്കൂളിലാണ് 1885 – ൽ സ്ഥാപിതമായ ആ വിദ്യാഭ്യാസകേന്ദ്രം കേരളത്തിലെ ആദ്യ ഇംഗ്ലീഷ് വിദ്യാഭ്യാസസ്ഥാപനങ്ങളിൽ ഒന്നാണ്. പോരൂക്കര തോമ്മാച്ചനിൽ ബീജാവാപം ചെയ്യുകയും പാലയ്ക്കൽ തോമ്മാച്ചൻ താലോലിക്കുകയും ദൈവദാസനായ ചാവറയച്ചനും ജേക്കബ് കുണിയാന്തറയും വളർത്തിയെടുക്കുകയും ചെയ്ത ഭാരതത്തിലെ ആദ്യത്തെ ഏതദ്ദേശീയ സഭയുടെ ആസ്ഥാനവും കേരളസഭാചരിത്രത്തിൻെറയും സുറിയാനി സമുദായത്തിൻെറതന്നെയും കേന്ദ്രബിന്ദുവായ മാന്നാനംകുന്ന് ജോസഫിൻെറ ജീവിതത്തിൽ വലിയ സ്വാധീനം ചെലുത്തി. 1918-ൽ അദ്ദേഹം കേരള സുറിയാനി കമ്മലീത്താസഭയുടെ വാതുക്കൽ പ്രവേശനത്തിനായി മുട്ടിവിളിച്ചു. അദ്ദേഹത്തിനായി മലർക്കെ തുറക്കപ്പെട്ട സന്യാസത്തിൽ അദ്ദേഹം വി. യൗസേപ്പിൻെറ പ്ലാസിഡ് ആയിത്തീർന്നു. വി. യൗസേപ്പിൻെറ സംരക്ഷണയിൽ തല ഉയർത്തി നിന്ന മാന്നാനംകുന്നും, അവിടെ എല്ലാം പരിത്യജിച്ച് ദൈവജനത്തിന് സേവനമരുളിയ വൈദികവരേണ്യരും, അദ്ദേഹത്തെ ഹഠാദാകർഷിച്ചു. അ

www.malankaralibrary.com



ങ്ങിനെ അവരിൽനിന്നും ചാലുകീറിയൊഴുകിയ മാമുനീന്ദ്രൻെറ ഭക്തി പി. സി. ജോസഫിനെ യൗസേപ്പിൻെറ ദാസനാക്കിത്തീർത്തതിൽ അത്ഭുതപ്പെടാനില്ല. പ. അമ്മയുടെ സഭയിൽ യൗസേപ്പിൻെറ സംരക്ഷണയിൽ ക്രിസ്തുവിൻെറ പൗരോഹിത്യജീവിതത്തിനായി അദ്ദേഹം ഒരുങ്ങി. തിരുക്കുടുംബം അദ്ദേഹത്തിൻെറ എല്ലാമായിരുന്നു. ചാവറയച്ചനിൽനിന്നും പരമ്പരാഗതമായി സുറിയാനി കർമ്മലീത്താസഭയിലൂടെ നിതരാം നിർഗ്ഗളിക്കുന്ന തിരുക്കുടുംബഭക്തി പ്ലാസിഡിലും വേലിയേററം സൃഷ്ടിച്ചു. അമ്പഴക്കാട്ടെ സന്യാസപരിശീലനവും മംഗലാപുരത്തെ വൈദികപഠനവും പൂർത്തിയാക്കിയ ബ്രദർ പ്ലാസിഡ് 1927 ഡിസംബറിൽ നിത്യപുരോഹിതനായി അഭിഷിക്തനായി.

## ആദ്യറോമായാത്ര

ശാന്തനും, ശാലീനനും, അജ്ഞാതനും, പക്വമതിയും മിതഭാഷിയുമായിരുന്ന പ്ലാസിഡച്ചൻെറ വിജ്ഞാനതൃഷ്ണയും, വിവേകവും, ബുദ്ധികൂർമ്മതയും ഗവേഷണചാതുര്യവും ഏററം ഉപരിയായി വിശുദ്ധിയും സന്യാസതപസ്യയും മനസ്സിലാക്കിയിരുന്ന അധികാരികളിൽ ചിലർ അദ്ദേഹത്തെ ഉപരിപഠനത്തിനായി തെരഞ്ഞെടുക്കുകയും നിത്യനഗരമായ റോമായിലേയ്ക്കു് അയക്കുവാൻ തീരുമാനിക്കുകയും ചെയ്തു. എന്നാൽ ചിലർക്ക് ഇതിൽ താല്പര്യമില്ലായിരുന്നു. കട്ടക്കയത്തിൽ ബ. കൊച്ചുചാണ്ടിയച്ചൻെറ നിർബ്ബന്ധം ഇവിടെ വിജയിച്ചു. റോമിലേയ്ക്കു് പോകുവാൻ അനുവാദം ലഭിച്ചു. പണം അപ്പോഴം പ്രശ്നമായി. പ്ലാസിഡച്ചൻെറ ജ്യേഷ്ഠൻ വക്കിച്ചൻ 1500 രൂപാ ദാനമായി നൽകി. 500 രൂപാ അഞ്ചാശ്രമങ്ങളിൽ നിന്നും പിരിച്ചെടുത്തു. അങ്ങനെ 2000 രൂപാ സ്വരൂപിച്ചെടുക്കുവാൻ കഴിഞ്ഞു. 1928-ൽ കൊളംബിൽനിന്നു് കപ്പൽ കയറി റോമായിലെത്തിയ അദ്ദേഹം വെറും $2\frac{1}{2}$ വർഷം കൊണ്ടു് ദൈവശാസ്ത്രം, തത്വശാസ്ത്രം, കാനൻനിയമം എ

www.malankaralibrary.com



ന്നീ വിഷയങ്ങളിൽ മൂന്നു ഡോക്ടറേററുകരം പ്രശസ്തമാം വിധം സമ്പാദിക്കുകയും ചെയ്തു. വേദപുസ്തകത്തിൽ നാലാമതൊരു ഡോക്ടറേററുകൂടി എടുക്കാൻ തുടങ്ങിയ അദ്ദേഹത്തെ തിരിച്ചു വിളിച്ചതിനാലാണു് നാട്ടിലേയ്ക്കു് പോന്നതു്. അന്നു് ആധുനികകാലത്തെപ്പോലെ പ്രബന്ധം എഴുതേണ്ട ആവശ്യം ഇല്ലായിരുന്നതിനാലാണു് ഇത്രയും വേഗം പഠനം തീർക്കുവാൻ സാധിച്ചതു്. അങ്ങനെ പ്ലാസിഡു് T. O. C. D., പി. എച്ചു്. ഡി; ഡി. ഡി.; ഡി. സി. എൽ , എന്നീ അർത്ഥഗർഭമായ അക്ഷരങ്ങളുടെ ഉടമ കൂടി ആയിത്തീർന്നു.

റോമിൽ ആയിരുന്ന കാലത്തു് വിവിധ ഭാഷാപണ്ഡിതനായ ിരുന്ന അദ്ദേഹം സഭാചരിത്രത്തിലും ആരാധനക്രമത്തിലും ആകൃഷ്ടനാവുകയും അവയുടെ സ്രോതസ്സുകളിലേയ്ക്കു് താഴ്ന്നിറങ്ങി പ്രാമാണികരേഖകരം സമ്പാദിക്കുകയും പഠിക്കുകയും ചെയ്തിരുന്നു.

''ഞാൻ എൻെറ ഹൃദയം റോമിൽ വച്ചിട്ടാണു പോന്നതു്. വീണ്ടും അവിടെചെന്നു് പത്രോസിൻെറ പാദത്തിങ്കൽ അന്ത്യവിശ്രമം കൊള്ളാനാണു് എനിക്കു താല്പര്യം'' അദ്ദേഹം പലപ്പോഴും പറയുമായിരുന്നു. റോമാനഗരം അദ്ദേഹത്തിനു് ഒരു ഹരം തന്നെയായിരുന്നു.

## പ്രശസ്തനായ അദ്ധ്യാപകൻ

എങ്കിലും 1929 അവസാനം അദ്ദേഹം നാട്ടിലേക്കു് തിരിച്ചു. 1930 ജനുവരി മുതൽ ചെത്തിപ്പുഴ സെമിനാരിയിൽ — അന്നു് ധർമ്മാരാംകോളേജോ, പൊന്തിഫിക്കൽ ഇൻസ്റ്റിററ്യൂട്ടോ സ്ഥാപിതമായിരുന്നില്ല അദ്ധ്യാപകനായി ജോലിയാരംഭിച്ചു. കടിച്ചാൽ പൊട്ടാത്ത കാനൻനിയമവും, വൈദേശികമായ ദൈവശാസ്ത്രവും, തലതല്ലിപൊളിക്കുന്ന തത്വശാസ്ത്രവും ലളിതവും, സുന്ദരവും, സുഗമവുമായ ശൈലിയിൽ തൻെറ ശിഷ്യർക്കു് അരച്ചുകല

www.malankaralibrary.com



ക്കി സ്പുടംചെയ്ത് കാപ്സ്യൂം പരുവത്തിൽ കരഗത മാക്കിക്കൊടുത്ത അദ്ധ്യാപകൻ, അദ്ധ്യേതാക്കളുടെ ആരാധനാമൂർത്തിയായി മാറി. സി. എം. ഐ. സഭയിലെ പ്രഗത്ഭരും അപ്രഗത്ഭരുമായ വളരെയേറെ വൈദികരുടെ അദ്ധ്യാപകനായി ചെത്തിപ്പുഴയിൽ അദ്ദേഹം വിരാജിച്ചു. ഗമാലിയേലിൻെറ ശിഷ്യനാണ താനെന്ന അഭിമാനം അയവിറക്കിയ ജാതികളുടെ അപ്പസ്തോലനെപ്പോലെ അല്പം അഹങ്കാരത്തോടുകൂടി പലരും പറയാറുണ്ട് അവർ പ്ലാസിഡച്ചൻെറ ശിഷ്യരാണെന്ന്. സ്വതവേ വാചാലനല്ലാത്ത പ്ലാസിഡച്ചൻ നർമ്മരസത്തിൻെറയും രസികത്വത്തിൻെറയും മാലപ്പടക്കത്തിനു തിരികൊളുത്തിക്കൊണ്ട് മനോഹരമായി ക്ലാസെടുക്കുമ്പോൾ ക്ലാസുമുഴുവൻ ഇളകിച്ചിരിക്കുന്നതു കാണാം. ഉണ്ണിക്കുടവയർ കുലുക്കിച്ചിരിച്ചുകൊണ്ട് ആ മഹാപണ്ഡിതൻ അതിൽ അലിഞ്ഞുചേരുക നിത്യാനുഭവമായി. ഈ ശൈലിയും വർത്തനരീതിയുമാണ് അദ്ദേഹത്തെ അത്യുത്തമനായ ഒരദ്ധ്യാപകനാക്കിത്തീർത്തത്. അതുപോലെതന്നെ അദ്ധ്യാപനത്തിൽ അദ്ദേഹം കാട്ടിയിരുന്ന കൃത്യനിഷ്ഠ പ്രശംസനീയമായിരുന്നു. ബഹുകാര്യപര്യാകുലനായി ശ്രമകരങ്ങളായ പലേ പ്രവർത്തനങ്ങളിലും ഏർപ്പെട്ടിരുന്ന അദ്ദേഹം എവിടെപ്പോയാലും ക്ലാസ്സിനു സമയമാകുമ്പോൾ സ്ഥലത്തെത്തുകയും തൻെറ പ്രധാന ജോലി മുടക്കംകൂടാതെ നിർവ്വഹിച്ചു പോരുകയും ചെയ്യുക പതിവായിരുന്നു. അക്ഷോഭ്യനായി, അനായാസനായി, തെളിവായും കാര്യമാത്രപ്രസക്തമായും അദ്ധ്യാപനം നടത്തിയിരുന്ന ആ പണ്ഡിതാഗ്രേസരൻ എല്ലാവർക്കും പ്രത്യേകിച്ച് പാമരന്മാർക്കും സർവ്വത്ര സഗമ്യനായിരുന്നു. ''നലംതികഞ്ഞ സമുദായസ്നേഹി, ദൈവശാസ്ത്രപണ്ഡിതൻ, ചരിത്രാന്വേഷി, ഗ്രന്ഥകാരൻ, അത്യുത്തമനായ അദ്ധ്യാപകൻ, സർവ്വോപരി ഹൃദയാലുവായ ഒരുന്നത മനുഷ്യൻ'' ഇതാണ് ഒരു ശിഷ്യനു് അദ്ദേഹത്തെക്കുറിച്ചുള്ള സ്മരണ ''അദ്ദേഹമൊരു വിവാദപുരുഷനും വിപ്ലവകാരിയുമാണ്. രാഷ്ട്രപ്രബുദ്ധനായിരുന്ന ശ്രീ വിവേകാനന്ദസ്വാമിയുടെ തനിഛായയിലും ചിന്താഗതിയിലുമാണ് ഇന്നും ഫാ. പ്ലാസിഡ്. ഒരു വ്യത്യാ

www.malankaralibrary.com



സം മാത്രമേയുള്ള. ഭാരതാംബികയെക്കുറിച്ച് സ്വാമി കേഴുമ്പോഠം വിശ്വോത്തരദ്ദക്കോട്ടുകൂടി വിശ്വാംബികയെക്കുറിച്ച് ഫാ. പ്ലാസിഡ് ദുഃഖാത്തനായിരിക്കുന്നു.'' മറ്റൊരു ശിഷ്യന്റെ പ്രതികരണം. ''ശിഷ്യഗണത്തിനു് ഒന്നുപോലെ അദ്ദേഹം പ്രിയങ്കരനായിരുന്നു. എല്ലാവരെയും സമഭാവനയോടെ അദ്ദേഹം സ്നേഹിച്ചിരുന്നു. അത്രകണ്ടു് ബുദ്ധികൂർമ്മത ഇല്ലാത്തവരായിരുന്നതിനാൽ പഠനത്തിൽ പിന്നോക്കമായിരുന്നവരോട്ട് അദ്ദേഹത്തിനു് പ്രത്യേക അനുകമ്പയുണ്ടായിരുന്നു. അവരെ തനിച്ചു പഠിപ്പിച്ച് വേണ്ട പ്രോത്സാഹനം നൽകി പുരോഗമിപ്പിച്ചു, മറ്റൊരു ശിഷ്യന്റെ അനുസ്മരണമാണിതു്. ''വിജ്ഞാനദാഹം ഒരിക്കലും നില്ക്കുകയില്ലെന്നു തെളിയിക്കുന്ന മഹാനായൊരു പ്രതിഭാശാലിയാണു് ഫാ പ്ളാസിഡ്,'' വേറൊരുവനു പറയാനുള്ളതു് ഇപ്രകാരമാണു്. ഈ കാലഘട്ടത്തിൽ ചെത്തിപ്പുഴ സന്ദർശിച്ച് ബ. പ്ലാസിഡച്ചനുമായി സംഭാഷണം നടത്തിയ ഒരു പാശ്ചാത്യ സെമിനാരി റെക്ടർ അരമനയിൽ ചെന്നു് അഭിവന്ദ്യ കാളാശ്ശേരി തിരുമേനിയോട്ട് പറഞ്ഞതു് ''കത്തോലിക്കാ സഭയിലെ നാലു് അത്ഭുതങ്ങളിൽ ഒന്നു് ഞാൻ കണ്ടു'' എന്നത്രേ. അദ്ദേഹത്തിന്റെ അഗാധപാണ്ഡിത്യമാണു് ഇവിടെ വിവക്ഷിക്കപ്പെട്ടുക.

അത്രമാത്രം പ്രഗൽഭനും പണ്ഡിതനുമായ ഈ സെമിനാരി പ്രൊഫസർ വിനയാന്വിതനും സത്യാന്വേഷകനും, തിരുസ്സഭാസ്നേഹിയും, മാർപ്പാപ്പാ ഭക്തനുമാണു്. ആഴക്കടൽപോലെ ശാന്തമായിരുന്ന അദ്ദേഹം ഏതാണ്ടു് കാൽ ശതാബ്ദക്കാലം തന്റെ അദ്ധ്യാപനം ചെത്തിപ്പുഴയിൽ നിർവ്വഹിച്ചു.

'അന്തോക്യാ പാത്രിയർക്കീസ്'' 'പൗരസ്ത്യസഭകഠം,' 'എഫേസൂസ് സൂനഹദോസും റോമാ മാർപ്പാപ്പായും,' 'തിരുസ്സഭയും മാർപ്പാപ്പായും.' 'കൂനൻകുരിശിനു മുമ്പു്,' 'നമ്മുടെ റീത്തു്,' 'കേരളത്തിലെ സുറിയാനിസഭ', എന്നീ അമൂല്യകൃതികഠം ഈ കാലഘട്ടത്തിലാണു് പ്ളാസി

www.malankaralibrary.com



ഡച്ചൻ വിരചിച്ചതു്. സഭാചരിത്ര സംബന്ധികളായ സു പ്രധാന കൃതികളാണിവ. യാക്കോബായ സഹോദരങ്ങളുടെ പുനരൈക്യത്തിനു് വളരെയധികം സഹായിച്ചിട്ടുള്ളവയാണു് ഈ വിശിഷ്ട കൃതികൾ എന്നുള്ള കാര്യം നാം വിസ്മരിക്കരുതു്.

ചെത്തിപ്പുഴയിൽ അദ്ധ്യാപകനായിരിക്കെത്തന്നെ 1943 മുതൽ 47 വരെ സഭയുടെ ഒന്നാംഫേ്നിററർ ജനറലായി അദ്ദേഹം ജോലിനോക്കിയിട്ടുണ്ടു്. 1939 മുതൽ റോമിലേയ്ക്കു് രണ്ടാംയാത്ര ആരംഭിക്കുന്നതുവരെ (1954) അദ്ദേഹം തിരുവിതാംകൂർ സർവ്വകലാശാലയിൽ സുറിയാനിഭാഷയുടെ പരീക്ഷകനായിരുന്നു. തിരുവിതാംകൂർ സർവ്വകലാശാല ആവശ്യപ്പെട്ടിട്ടു് 'കേരള സഭാചരിത്രം' സംക്ഷിപ്തമായി അദ്ദേഹം യൂണിവേഴ്സിററിക്കു് എഴുതിക്കൊടുത്തിട്ടുണ്ടു്. ഇക്കാര്യത്തിൽ ബ. പ്ളാസിഡച്ചനെപ്പോലൊരു പ്രഗത്ഭ പണ്ഡിതനെ യൂണിവേഴ്സിററിക്കു കണ്ടെത്താൻ കഴിഞ്ഞില്ലയെന്നതാണു് ഇതു സൂചിപ്പിക്കുന്നതു്.

## സത്യത്തിൻെറ ദുർഗ്ഗന്ധം

അഗാധപണ്ഡിതനും പരമസാത്വികനും, സന്യാസജീവിതത്തിൻെറ കറകളഞ്ഞ ഉദാത്ത മാതൃകയുമായ പ്ളാസിഡച്ചൻ തീർത്തും ഒരു സത്യാന്വേഷകനും, സത്യം കണ്ടെത്തിയാൽ സ്വയം തിരുത്തുന്നവനുമായിരുന്നു. സെലൂക്യാ സഭയെക്കുറിച്ചുള്ള അദ്ദേഹത്തിൻെറ ആദ്യപഠനം അന്നത്തെ അറിവിൻെറയും രേഖകളുടെയും വെളിച്ചത്തിലായിരുന്നു. അതിൽ ചില പാളിച്ചകൾ വന്നിട്ടുണ്ടു് പിന്നീടു് എഴുതിയ മറെറാരു ഗ്രന്ഥത്തിൽ പുത്തനായി അദ്ദേഹത്തിനു് ലഭിച്ച അറിവും, രേഖകളും വെളിച്ചം വീശിയപ്പോൾ അതു തിരുത്തിക്കുറിക്കാൻ അദ്ദേഹം സന്നദ്ധനായി. ആ രണ്ടു പുസ്തകങ്ങളുടെയും കൈയ്യെഴുത്തു പ്രതികളുടെ ആദ്യപേജിൽ സ്വന്തം കൈപ്പടയിൽ തനിക്കു്

www.malankaralibrary.com



ആദ്യം സംഭവിച്ച പിശകിനെക്കുറിച്ച് അദ്ദേഹം രേഖപ്പെടുത്തിയിട്ടുള്ളതു് കണ്ടപ്പോൾ അദ്ദേഹത്തിന്റെ സത്യസന്ധതയിൽ അഭിമാന പുളകിതനാകുവാൻ മാത്രമേ ഈ ലേഖകനു സാധിച്ചുള്ളു. സത്യത്തോടുള്ള അദ്ദേഹത്തിന്റെ ആത്മസമർപ്പണം കാണിക്കുവാൻ ഇതു സൂചിപ്പിച്ചെന്നു മാത്രം.

സത്യത്തിനു ദുർഗ്ഗന്ധമുണ്ടെന്നുള്ള ചൊല്ലു് ഇവിടെ അനുസ്മരിക്കുകയാണു്. തനിക്കു ശരിയെന്നു തോന്നുന്നവ ആരുടെയും മുഖം നോക്കാതെ പ്രസ്താവിച്ചിരുന്ന പ്ളാസിഡച്ചന്റെ തുറന്ന മനസ്ഥിതി ചില അധികാരികൾക്കു പോലും ഇഷ്ടപ്പെട്ടിരുന്നില്ല. 'പുണ്യമില്ലാത്തവൻ' എന്നു് അവർ ഉള്ളിൽ കരുതി. അദ്ദേഹത്തിന്റെ പക്കൽ സംശയനിവാരണത്തിനു് പോയിരുന്ന വൈദികവിദ്യാർത്ഥികളോടു് ''എന്തിനാണു് അദ്ദേഹത്തിന്റെ പക്കൽ പോകുന്നതു്,....'' എന്നുവരെ ചിലർ ചോദിച്ചിരുന്നു. ഉപരിപ്ളവബുദ്ധികളും, കിഞ്ചിജ്ഞരും അഗാധപണ്ഡിതനായ കഥാനായകൻ എല്ലാം മറനീക്കി സത്യം കാണിക്കുമ്പോൾ പുകമറയിൽ അവർ പടുത്തുയർത്തിയിരുന്ന പല അന്ധവിശ്വാസങ്ങളും അധികാരസ്ഥാനങ്ങളും കടപുഴകി മറിയുന്നതു നോക്കിനിന്നു. അസത്യത്തിന്റെയും അജ്ഞതയുടെയും മണലിൽ പടുത്ത കെട്ടിടങ്ങൾ സത്യത്തിന്റെ കാററും മഴയും വന്നപ്പോൾ തല്ലിയലച്ചു വീഴുന്നതുകണ്ടു് അവർ മനംനൊന്തുകരഞ്ഞു. എല്ലാം നഷ്ടപ്പെടാതിരിക്കാൻ അവർ ഉണ്ടാക്കിവെച്ച മണൽബണ്ടുകൾ അമ്പേ ഒഴുക്കിൽപ്പെട്ടുപോയി. അതിൽ മോഹഭംഗം വന്ന ഒരു പററം ആളുകളാണു് വിറളി പിടിച്ചു് ഓടിനടന്നു് അദ്ദേഹത്തിനു് പുണ്യമില്ലെന്നു് പുലഭ്യം പറഞ്ഞതു്. പാറയിൽ പണിതുയർത്തിയ ഗോപുരംപോലെ അക്ഷോഭ്യനായി നിശ്ശബ്ദനായി അദ്ദേഹം അവയെ എല്ലാം വിസ്മരിച്ചുകളഞ്ഞു.

www.malankaralibrary.com



## പുനരൈക്യപ്രസ്ഥാനവും പ്ലാസിഡച്ചനും

ചെത്തിപ്പുഴയിലെ നിശ്ശബ്ദനായ സെമിനാരി പ്രൊഫസർ കേരളത്തിലെ സഭാദ്ധ്യക്ഷന്മാരുടെ പലരുടെയും, ഇതര പണ്ഡിതന്മാരുടെയും 'സർവ്വശാസ്ത്രനിഘണ്ടു'വായിരുന്നു. അവരുടെ എല്ലാ സംശയങ്ങളിലും പെട്ടെന്ന് ഉത്തരം കിട്ടാൻ അവർ നോക്കിയിരുന്നതു ഈ മഹാനിഘണ്ടുതന്നെയത്രേ ''ആർഷഭാരതത്തിൻെറ പ്രതീകം; പൗരസ്ത്യ പാശ്ചാത്യ സംസ്ക്കാരങ്ങളുടെ പുടപാകത്തിലേക്കിഭവിച്ച ആധുനിക യതീന്ദ്രൻ കേരളത്തിന് ശങ്കരാചാര്യരെപ്പോലെ അഭിമാനിക്കാവുന്ന ശാസ്ത്രവിത്തു്'' എന്നു് ശ്രീ. ഉലഹന്നാൻ മാപ്പിള പാടിപ്പുകഴ്ത്തുന്ന പ്ലാസിഡച്ചനെ 'നരാകൃതിയിലുള്ള ഈ ശാസ്ത്രകോശത്തെ'' ഏററം കൂടുതലായി ആദ്യകാലത്തുപയോഗിച്ചതു് പുനരൈക്യപ്രസ്ഥാനക്കാരായിരുന്നു. പുനരൈക്യ പ്രസ്ഥാനത്തിൻെറ പിള്ളത്തൊട്ടി ചെത്തിപ്പുഴ ആശ്രമം ആയിരുന്നു. ആ തൊട്ടിലാട്ടിയവരിൽ പ്രമുഖൻ പ്ലാസിഡച്ചനും. പുനരൈക്യക്കാർ ജൂബിലി ഘോഷിച്ച നല്ല കാലത്തു് ഈ സത്യം ബോധപൂർവ്വം മറന്നെങ്കിലും, ആ പ്രസ്ഥാനത്തിൻെറ ആരംഭകാലചരിത്രം പഠിക്കുന്നവർ കേരള സി. എം. ഐ. സഭയും പ്ലാസിഡച്ചനും അവർക്കുവേണ്ടി ചെയ്ത നല്ല കാര്യങ്ങൾ മറക്കുമെന്നു തോന്നുന്നില്ല. മറക്കുന്നതു് വലിയ നന്ദിഹീനതയായിരിക്കും. പക്ഷേ ചേപ്പാട്ടു് പീലിപ്പോസ് റമ്പാനെപ്പോലുള്ള സ്മരണീയ വ്യക്തികൾ അവരുടെ ഗ്രന്ഥങ്ങളിലും വാക്കുകളിലും പ്ലാസിഡച്ചൻ ചെയ്ത സഹായങ്ങൾ വ്യക്തമാക്കിയിട്ടുണ്ടു്. പുനരൈക്യപ്പെട്ടവരെ ലത്തീനീകരണത്തിൻെറ സ്വാധീനവലയത്തിൽ വീഴാതെ അവരുടെ തനിമയിൽ കാക്കുന്നതിൽ പ്ലാസിഡച്ചൻ വഹിച്ച പങ്കു് ശ്രദ്ധേയമാണെന്നു് ഫാ ഹംബി ചരിത്രം പഠിച്ചു വ്യക്തമാക്കിയിട്ടുണ്ടു്.

1930—ൽ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ പുന:രൈക്യത്തിനു മുൻപും പിൻപും ആ പ്ര

www.malankaralibrary.com



സ്ഥാനത്തിനുവേണ്ടി വളരെയധികം ത്യാഗം സഹിക്കുകയും സഹായം ചെയ്യുകയും ട്രൂലിക ചലിപ്പിക്കുകയും ചെയ്തിട്ടുള്ള ആളാണദ്ദേഹം. ആ സഭയുടെ കാനോൻനിയമത്തിനു രൂപംകൊടുത്തതു് അദ്ദേഹമത്രേ. മാർ ഈവാനിയോസു്, മാർ തെയോഫിലോസു്, മാർ സെവേരിയോസു്, മുതലായ മെത്രാന്മാരുടെ വിശ്വസ്തനായ ഉപദേശകനായിരുന്നു അദ്ദേഹം. 'അവരെല്ലാം ഒന്നായി കാണുവാൻ' ആഗ്രഹിച്ച ക്രിസ്തുവിന്റെ അരുമശിഷ്യൻ കേരളസഭയിലെ ഒരു വിഭാഗത്തെ ഏകഇടയന്റെ കീഴിൽ തിരിച്ചു കൊണ്ടുവരുവാൻ വളരെയധികം പ്രയത്നിച്ചിട്ടുണ്ടു്. ഇപ്രകാരം പുനഃരൈക്യപ്പെട്ടവരുടെ എല്ലാ സംശയങ്ങളും നിവാരണംചെയ്തു കൊടുക്കുകയും ആ വിഭാഗത്തിൽപ്പെട്ട ബ. വൈദികർക്കും, അവൈദികർക്കും, ധ്യാനങ്ങളും ഉപദേശങ്ങളും നല്കിവരുകയും പലേ കോൺഫ്രൻസുകളും കൺവെൻഷനുകളും നടത്തിക്കൊടുക്കുകയും ചെയ്തിരുന്നു.

പ്രതിപക്ഷ ബഹുമാനം അദ്ദേഹത്തിന്റെ ജീവിതശൈലിതന്നെയായിരുന്നു ചേപ്പാട്ടു് പീലിപ്പോസു് റമ്പാൻ രേഖപ്പെടുത്തിയിരിക്കുന്ന ഒരു സംഭവം ഇവിടെ ഓർത്തുപോകുന്നു. എടത്വാപള്ളിയിൽ റമ്പാച്ചനും പ്ലാസിഡച്ചനും പ്രസംഗിക്കാൻ പോയി. പ്രസംഗത്തിന്റെ അവസാനം ഒരു കൽദായക്കാരൻ റമ്പാച്ചനോടു ചോദിച്ചു: ''ട്രിസാഗിയോനോടു ചേർത്തു് 'ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനെ ഞങ്ങളെ അനുഗ്രഹിക്കണമെ' എന്നു് മലങ്കരക്കാർ ചൊല്ലുന്നതു് ശരിയാണോ? ''റമ്പാച്ചൻ വ്യക്തമായ മറുപടി പറഞ്ഞെങ്കിലും 'പ്ലാസിഡച്ചൻ എന്തു പറയുന്നു?' എന്നായി ചോദ്യകർത്താവു്. 'നിങ്ങൾ (കൽദായക്കാർ) ചൊല്ലുന്നതുപോലെ നിങ്ങൾ ചൊല്ലിയാൽ മതി. അവർക്കു് അങ്ങനെ ചൊല്ലാൻ റോമിൽനിന്നു് പ്രത്യേകമായി അനുവദിച്ചിട്ടുണ്ടു്.... അവർ അങ്ങനെ ചൊല്ലിക്കൊള്ളട്ടെ. നാം അതിനെപ്പററി ചോദിക്കാതിരിക്കുന്നതാണു നല്ലതു്.'' ഇതായിരുന്നു പ്ലാസിഡച്ചന്റെ മറുപടി. പൗരസ്ത്യറീത്തിനുവേണ്ടി വാദിക്കുമ്പോഴും അതുസംബന്ധിച്ചു പഠിക്കുമ്പോഴും പ്ലാസിഡച്ചൻ ലത്തീൻ റീ

www.malankaralibrary.com



ത്തിനെയും അതിന്റെ മാഹാത്മ്യത്തെയുംകുറിച്ച് വളരെ വ്യക്തമായി പഠിച്ചിരുന്നു. അദ്ദേഹത്തിന്റെ ഗ്രന്ഥശേഖരത്തിൽ അങ്ങിനെയുള്ള പലേ മഹത് ഗ്രന്ഥങ്ങളും കാണാം. പ്രതിപക്ഷ ബഹുമാനവും സത്യസന്ധതയും അദ്ദേഹത്തിൽ എപ്രകാരമെന്നു കാണിക്കുവാൻ ഇത്രയും സാന്ദർഭികമായി പറഞ്ഞുവെന്നുമാത്രം.

1952–ൽ ഫാദർ പ്ളാസിഡ് പൗരസ്ത്യതിരുസംഘത്തിന്റെ ആലോചനക്കാരനായി നിയമിതനായി. 1953–ൽ കർദ്ദിനാൾ ടിസറന്റ് ഇന്ത്യ സന്ദർശിച്ചപ്പോൾ ഫാ. പ്ളാസിഡ് ആണ് അദ്ദേഹത്തിന്റെ സെക്രട്ടറിയായി ജോലിനോക്കിയത്. ഈ ബന്ധം ഭാരതസഭയുടെ വളർച്ചയുടെ മുഖവുരയായിരുന്നു എന്നു വേണമെങ്കിൽ പറയാം. 1954–ൽ അദ്ദേഹം റോമിലേയ്ക്കു വിളിക്കപ്പെട്ടു. പൗരസ്ത്യസഭകളുടെ ചരിത്രം സംബന്ധിച്ചോ പൗരസ്ത്യ റീത്തുകളെപ്പററിയോ, ബഹുഭാഷാപണ്ഡിതനായ പ്ളാസിഡച്ചനോളം ജ്ഞാനം മററൊരു വൈദികനും കേരളസഭയിൽ ഇല്ലായിരുന്നു. അതിനാൽ ഈ നിയമനം അദ്ദേഹത്തിന് തീർത്തും അർഹമായിരുന്നു. റോമിൽ അദ്ദേഹം ചെലവഴിച്ച കാൽ നൂററാണ്ട് ഭാരതസഭയിൽ വലിയ പരിവർത്തനത്തിന് കളമൊരുക്കി. ഭാരതസഭയുടെ മനസ്സാക്ഷിയായി അദ്ദേഹം അവിടെ ചെലവഴിച്ചു. പൗരസ്ത്യതിരുസംഘത്തിന്റെ ഉപദേഷ്ടാവ് എന്നതുകൂടാതെ, റോമിലെ ഓറിയൻറൽ ഇൻസ്റ്റിററ്യൂട്ട്, പ്രൊപ്പഗാന്ത കോളേജ് എന്നിവിടങ്ങളിലും അദ്ദേഹം അദ്ധ്യാപകനായി ദീർഘനാൾ സേവനമർപ്പിച്ചിട്ടുണ്ട്. അവിടത്തെ മലബാർ കോളേജിന്റെ റെക്ടറും അദ്ദേഹമായിരുന്നു. ഏതാണ്ട് കാൽ ശതാബ്ദക്കാലം അദ്ദേഹം അവിടെ ഉപദേഷ്ടാവും, ഗവേഷകനും, അദ്ധ്യാപകനും, ആത്മനിയന്താവുമായി കഴിഞ്ഞുകൂടി. ബ. പ്ളാസിഡച്ചന്റെ ഏററം ഫലദായകമായ വർഷങ്ങളായിരുന്നു അവ. ഭാരതസഭയിൽ പ്രത്യേകിച്ച് കേരളസുറിയാനി സഭയിൽ ഇക്കാലയളവിൽ ഉണ്ടായിട്ടുള്ള എല്ലാ ശ്രദ്ധേയമായ വ്യതിയാനങ്ങളുടെയും പുരോഗതിയുടെയും നിയന്ത്രണവും നിമന്ത്രണവുമായി അദ്ദേഹം അവിടെ വിരാ

www.malankaralibrary.com


ജിച്ചു. അദ്ദേഹത്തിന്റെ അശ്രാന്തപരിശ്രമത്തിന്റെയും നിശബ്ദസേവനത്തിന്റെയും ഫലമാണ് ഇന്നത്തെ കേരളസഭയുടെ വളർച്ചതന്നെ. വടവാതൂർ അപ്പസ്തോലിക സെമിനാരിയുടെ ഉത്ഭവംതന്നെ ഇതിന് ഉദാഹരണമാണ്. സുറിയാനിക്കാർക്ക് തങ്ങളുടെ വൈദികവിദ്യാർത്ഥികളെ പരിശീലിപ്പിക്കാൻ ഒരു സെമിനാരി വേണം. അദ്ദേഹം ഈ ആവശ്യം പല പ്രാവശ്യം തിരുസംഘത്തിൽ ഉന്നയിച്ചു കാർഡിനൽ ക്രൂസായോടു വ്യക്തിപരമായി പറഞ്ഞു. ''നിങ്ങൾക്ക് പുതിയതായി ഒന്ന് അനുവദിക്കാം'' ക്രൂസായുടെ പ്രത്യുത്തരം! അങ്ങനെ പുതിയതായി അനുവദിച്ച സെമിനാരിയാണ് ഇപ്പോൾ വടവാതൂർ ഉള്ളത്. പ്രശസ്തമായ ഈ സെമിനാരിയുടെ ഉത്ഭവത്തിന്റെ പിന്നിലെ പ്രേരണ പ്ലാസിഡച്ചനെന്നു വ്യക്തം. പൗരസ്ത്യ തിരുസംഘം ഇതു് പിന്നീട് വ്യക്തമാക്കിയിട്ടുണ്ട്. അദ്ദേഹമില്ലാത്ത കേരളസഭാചരിത്രം ശുഷ്കവും ദരിദ്രവുമാണ്.

അതുപോലെതന്നെ, കേരളത്തിലെ രൂപതാവൈദികർക്ക് റോമിൽ ഉന്നതപഠനം നടത്തുവാനുള്ള സാധ്യത ഉണ്ടാക്കിക്കൊടുത്തതും അതിന് വ്യക്തമായ പ്ലാൻ തിരുസംഘത്തിൽ അവതരിപ്പിച്ചതും പ്ലാസിഡച്ചനാണ്. ആ ശ്രമത്തിന്റെ മധുരഫലമാണ് കേരള വൈദികർ ഇന്ന് ധാരാളമായി അനുഭവിച്ചുകൊണ്ടിരിക്കുന്നത്. ചുരുക്കത്തിൽ, കേരളസഭയ്ക്ക് ഒരു അഡ്രസ്സ് ഉണ്ടാക്കിക്കൊടുത്തതു് പ്ലാസിഡച്ചനാണ്.

## ബഥനി മഠങ്ങളുടെ വിസിറ്റർ

1956-ൽ കേരളത്തിലെ ബഥനി മഠങ്ങളുടെ വിസിറ്റർ അപ്പസ്തോലിക്കയായി നിയമിതനായ അദ്ദേഹം കേരളത്തിൽ വന്ന് മഠങ്ങൾ സന്ദർശിക്കുകയും റോമിൽ റിപ്പോർട്ടു സമർപ്പിക്കുകയും ചെയ്തു. ഈ സന്യാസിനീ സമൂഹത്തിന്റെ ഇന്നത്തെ അസ്തിത്വത്തിന്റെ അടിസ്ഥാന കാരണങ്ങളിൽ ഒന്ന് പ്ലാസിഡച്ചൻതന്നെയാണ്. ഇന്നത്തെ പുതിയ തലമുറയ്ക്ക് അതു് അജ്ഞാതമായിരി

www.malankaralibrary.com



ക്കാം. പക്ഷേ സഭയിലെ ആദ്യ അംഗങ്ങരം ഇന്നും നന്ദിയോടെ അതനുസ്മരിക്കുന്നുണ്ടെന്നുള്ളതും, തദനുസാരം പ്രവർത്തിക്കുന്നുണ്ടെന്നുള്ളതും ചാരിതാർത്ഥ്യജനകമത്രേ.

## പ്ലാസിഡച്ചനും കുർബാന നവീകരണവും

1954–ൽ തന്നെ സീറോ മലബാർ റീത്തിലെ കുർബാന പുനരുദ്ധരിക്കുന്നതിനുള്ള പൊന്തിഫിക്കൽ കമ്മീഷനിൽ അദ്ദേഹം അംഗമായി. 1959 ജൂൺ 12–ാംതീയതി പ. പിതാവു് 12–ാം പീയൂസ് മാർപ്പാപ്പാ ഔദ്യോഗികമായി അംഗീകരിച്ച നമ്മുടെ പരിഷ്ക്കരിച്ച കുർബാനയുടെയും, മററു് ആരാധനക്രമങ്ങളുടെയും യഥാർത്ഥരൂപം നൽകിയതിൽ പ്ലാസിഡച്ചന്റെ കഴിവും അനുനയനവും, പാണ്ഡിത്യവും, രേഖകരം വച്ചുള്ള വാദരീതിയും വളരെയധികം സഹായിച്ചിട്ടുണ്ടു്. ഇവിടെ അദ്ദേഹത്തിന്റെ അന്യാദൃശ്യകഴിവിനെ നാം വാനോളം പുകഴ്ത്തേണ്ടതാണു്. കറകളഞ്ഞ തനിമയിൽ രൂപംകൊണ്ട കുർബാനയിൽ, അനധികൃത കൈകടത്തലുകളുടെയും, ഹൈന്ദവീകരണത്തിന്റെയും ചുക്കിലിവലകരം പിടിച്ചപ്പോഴും അവയെ അടിച്ചു ശുദ്ധിയാക്കാൻ നിശബ്ദസേവനത്തിലൂടെ അദ്ദേഹത്തിനു സാധിച്ചു. പ. പിതാവും റോമാ സിംഹാസനവും ഓറിയൻറൽ കോൺഗ്രിഗേഷനും, പൊൻറിഫിക്കൽ കമ്മീഷനും എല്ലാം ഫാ. പ്ളാസിഡിന്റെ നിർദ്ദേശങ്ങളും പണ്ഡിതാഭിപ്രായങ്ങളുമാണു് എന്നും, ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ളതു്.

എന്തുകൊണ്ടു് സുറിയാനി റീത്തിലെ ആരാധനക്രമത്തിന്റെ തനിമയ്ക്കുവേണ്ടി അദ്ദേഹം വാദിച്ചു? അദ്ദേഹത്തെ സംബന്ധിച്ചു് സഭാസ്നേഹത്തിന്റെയും പ. പിതാവിനോടുള്ള ആദരവിന്റേയും ഒരു പ്രകടനം മാത്രമായിരുന്നു ഇതു്. അദ്ദേഹം റോമിൽ പഠിക്കുന്നകാലം! ഗ്രിഗോറിയൻ സർവ്വകലാശാലയിലെ ലിററർജി പ്രൊഫസറായിരുന്ന ഫാ. ഹാൻസെൻസ് അദ്ദേഹത്തോടു് ഒരു സം

www.malankaralibrary.com



ഭവം പറഞ്ഞുകേൾപ്പിച്ചു. ഉദയംപേരൂർ സൂനഹദോസിനു ശേഷം ലത്തീൻ പൊന്തിഫിക്കലാണ് നാം ഉപയോഗിച്ചിരുന്നത്. സുറിയാനിയിലേയ്ക്കു് പരിഭാഷപ്പെടുത്തിയ ഈ ക്രമം പ. പിതാവ് 11–ാം പീയൂസിന് അംഗീകാരത്തിനായി സമർപ്പിക്കപ്പെട്ടു. പ. പിതാവ് അതു് തിരിച്ചു കൊടുത്തിട്ടു പറഞ്ഞു ''The church wants to Catholicise not to latinise''. ഇതിൻെറശേഷം, പൗരസ്ത്യ സഭകളുടെ ക്രമങ്ങളുടെ സ്രോതസ് തപ്പിയെടുത്തു് പൗരസ്ത്യക്ക് ചേർന്നതും അവരുടെ പാരമ്പര്യം ഉൾക്കൊള്ളുന്നതുമായ മറെറാന്ന് എങ്ങിനെയെങ്കിലും ഉണ്ടാക്കാൻ കല്പിച്ചരുളി. ഈ സംഭവത്തിനുശേഷമാണ് പ്ളാസിഡച്ചൻ പൗരസ്ത്യപാരമ്പര്യത്തിൻെറ വലിയ പ്രേഷിതനായിതീർന്നതു്. ''പ. പിതാവ് റീത്തിനുവേണ്ടി വാദിക്കുന്നതുകൊണ്ടാണ് ഞാനും അതിനായി നിലകൊള്ളുന്നതു്. റീത്തിനുവേണ്ടിയുള്ള വാദം അവസാനിപ്പിക്കാൻ പ. പിതാവു കല്പിച്ചാൽ ആദ്യമതനുസരിക്കുന്നതു് ഞാനായിരിക്കും'' ബ. പ്ളാസിഡച്ചൻ പറയുമായിരുന്നു. സാർവ്വത്രികസഭയുടെയും, പരിശുദ്ധ പിതാക്കന്മാരുടെയും, രണ്ടാം വത്തിക്കാൻ സൂനഹദോസിൻെറയും പഠനം ഇപ്രകാരമായതിനാലാണ് വിനയാന്വിതനായ അദ്ദേഹം നിശ്ചയദാർഢ്യത്തോടെ സുറിയാനിറീത്തിൻെറ തനിമയ്ക്കും പൗരസ്ത്യ പാരമ്പര്യത്തിനുംവേണ്ടി ആജീവനാന്തം വാദിച്ചിരുന്നതു്. ഇതിൻെറ പേരിൽ ചില മെത്രാന്മാർപോലും അദ്ദേഹത്തെ അസഹിഷ്ണുതയോടെ വീക്ഷിക്കുകയും അതുപോലെ പെരുമാറുകയും ചെയ്തിട്ടുണ്ട്. മററു ചിലർ അദ്ദേഹത്തെ വെറും പഴഞ്ചനും മൂരാച്ചിയുമായി മുദ്രകുത്തിയിട്ടുണ്ട്. അദ്ദേഹം ഒന്നുകൊണ്ടും കുലുങ്ങിയില്ല. അദ്ദേഹം ഒരിക്കൽ പറയുകയുണ്ടായി ''ഞാൻ നാട്ടിലേയ്ക്കു തിരിച്ചു വരുമ്പോൾ വി. യോഹന്നാൻ ക്രൂസിൻെറ അരൂപിയുമായായിരിക്കും വരിക''. റീത്തിൻെറ കാര്യത്തിൽ പലരും അദ്ദേഹത്തെ എതിർക്കുമെന്ന് അദ്ദേഹത്തിനറിയാമായിരുന്നതിൻെറ പേരിലാണ് ആ പ്രസ്താവം. അദ്ദേഹത്തിനു ബോദ്ധ്യമായവയിൽ അചഞ്ചലനായി അദ്ദേഹം അവ

www.malankaralibrary.com



സാനത്തോളം പിടിച്ചുനിന്നു. അദ്ദേഹം വിജയിക്കുകയും ചെയ്തു.

ഇതിൽ അസൂയാലുക്കളായ ചിലർ പ്ളാസിഡച്ചനെ എതിർക്കുകയും, അദ്ദേഹത്തെ പുച്ഛിച്ചുകൊണ്ട് അടുത്ത കാലത്തും ലേഖനങ്ങൾ എഴുതുകയുമുണ്ടായി. അദ്ദേഹത്തെ കൊച്ചാക്കി കാണിക്കാൻ ചില മൂന്നാംതരം അടവുകൾ സ്വീകരിച്ചുകൊണ്ടുള്ള ഇക്കൂട്ടരുടെ പുറപ്പാടിനെ അവജ്ഞയോടുകൂടി മാത്രമെ അഭിജ്ഞന്മാർ ഇന്നും കാണുന്നുള്ളു. കിഞ്ചിജ്ഞരായ ഇക്കൂട്ടരുടെ യാതൊരു വിഡ്ഢിത്തങ്ങൾക്കും പ. സിംഹാസനം വില കല്പിക്കുന്നില്ലെന്നും പ്ലാസിഡച്ചൻ നൽകിയിട്ടുള്ള നിർദ്ദേശങ്ങളെ അക്ഷരശ: അംഗീകരിക്കയാണെന്നും ഈ അടുത്ത കാലത്തു് നടന്ന സംഭവവികാസങ്ങൾപോലും വ്യക്തമാക്കിത്തരുന്നു. കേരള സഭാസംബന്ധമായും ആരാധനക്രമസംബന്ധമായും പ. പിതാവിന് അദ്ദേഹം നൽകിയ ഒരു രഹസ്യരേഖ ഈ ലേഖകന് കാണുവാൻ കഴിഞ്ഞു. അതിലെ എല്ലാ ആവശ്യങ്ങളും നിർദ്ദേശങ്ങളും തന്നെ പ. പിതാവു് അംഗീകരിച്ചു് ആശീർവ്വദിക്കുകയും ചെയ്തിട്ടുണ്ട്. 'നമുക്കിതു് അടിച്ചു പ്രസിദ്ധീകരിക്കാം' ഈ ലേഖകൻ പറഞ്ഞു. ''പാടില്ല. പ. പിതാവുമായുള്ള രഹസ്യ എഴുത്തുകുത്തല്ലെ. അതു് പരസ്യമാക്കുന്നതു് ശരിയല്ല.'' ആ സാത്വികൻ മറുപടി നൽകി. അതു പുറത്തുവന്നിരുന്നെങ്കിൽ ആരാധനക്രമസംബന്ധമായി കേരള സഭാവിഹായസിൽ ഇന്നു് ഉരുണ്ടുകൂടിയിരിക്കുന്ന പല കാർമേഘപടലങ്ങളും വിപാടനം ചെയ്യാൻ സാധിക്കുമായിരുന്നു. ഏതായാലും അദ്ദേഹത്തിൻെറ ആഗ്രഹമനുസരിച്ചു് നമ്മുടെ സഭ ''സാംസ്ക്കാരികമായി ഹൈന്ദവവും, മതപരമായി ക്രിസ്തീയവും, ആരാധനാപരമായി പൗരസ്ത്യവും'' ആയിത്തീരുമെന്നു പ്രത്യാശിക്കാം.

www.malankaralibrary.com


## പ്ലാസിഡച്ചനും കേരള സുറിയാനി സഭയും

പാശ്ചാത്യസഭകളുടെ കാനൻനിയമ ക്രോഡീകരണത്തിനായി 1934-ൽ നിയമിതമായ പൊന്തിഫിക്കൽ കമ്മീഷനിൽ ഫാ. പ്ളാസിഡ് അംഗമായിരുന്നു. ഈ കമ്മീഷൻെറ ശ്രമഫലമായാണ് ഏതാണ്ട് സമ്പൂർണ്ണമായി പൗരസ്ത്യകാനൻനിയമസംഹിത ഇന്ന് നമുക്ക ലഭിച്ചിരിക്കുന്നത്. കേരളത്തിലെ പൗരസ്ത്യസഭകളുടെ കാനൻനിയമത്തെ സംബന്ധിച്ചിടത്തോളം ഫാ. പ്ളാസിഡ് ഒരു അതോറിട്ടിയാണ്. അവയുടെ സ്രോതസുകളും, വളർച്ചയും എല്ലാം അദ്ദേഹത്തിൻെറ പഠനഫലങ്ങളാണ്– അവ പ്രാമാണികങ്ങളുമത്രേ. സീറോ മലങ്കരസഭയുടെ കാനൻനിയമത്തെ സംബന്ധിച്ച് അദ്ദേഹമെഴുതിയിട്ടുള്ള രണ്ടു പ്രബന്ധങ്ങൾ ഇന്ന് ആ വിഷയത്തിൽ പ്രാമാണിക രേഖകൾ ആയിത്തീന്നിട്ടുണ്ട്.

കേരള സുറിയാനി സഭയുടെ ഇന്നുവരെയുള്ള വളർച്ചയിൽ പ്ളാസിഡച്ചൻ ചെയ്തിട്ടുള്ള സേവനം വർണ്ണനാതീതമത്രേ. അദ്ദേഹത്തിൻെറ പ്രയത്നഫലമാണ് പമ്പാനദിക്ക തെക്കോട്ടും ഭാരതപ്പുഴയ്ക്കു വടക്കോട്ടും സുറിയാനിക്കാരുടെ ഹയരാർക്കി വികസിതമായതു്. ഭാരതത്തിൽ അങ്ങോളമിങ്ങോളമുള്ള സുറിയാനി ക്രിസ്ത്യാനികൾക്ക് അവരുടെ റീത്തിൽതന്നെ ആദ്ധ്യാത്മിക സേവനം സംലബ്ധമാക്കണമെന്ന് അദ്ദേഹത്തിനു നിർബ്ബന്ധമായിരുന്നു. മാർത്തോമ്മാക്രിസ്ത്യാനികളെപ്പററിയും അവരുടെ പൗരസ്ത്യറീത്തിനെ സംബന്ധിച്ചും അഭിമാനിതനും വിജ്റുംഭിതനമായിരുന്ന ഈ സഭാസ്നേഹിക്ക് അഭിമാനം അടിയറവയ്ക്കുക മരിക്കുന്നതിനു തുല്യമായിരുന്നു. ആദ്യമായി അദ്ദേഹം കേരളത്തിലെ സ്ഥിതിഗതികൾ ജനസംഖ്യയടക്കം പഠിച്ച് കാർഡിനൽ ടിസറാങ്ങിനെ മനസ്സിലാക്കി. കർദ്ദിനാളിൻെറയും തിരുസിംഹാസനത്തിൻെറയും സഹായത്തോടെ തലശ്ശേരി രൂപതയ്ക്കും, തെക്ക് കന്യാകുമാരി വരെ വികസിപ്പിച്ച പുതിയ ചങ്ങനാശ്ശേരി അതിരൂപതയ്ക്കും, വികസിപ്പിച്ച തൃശ്ശൂർ രൂപതയ്ക്കും ജന്മം നൽകു

www.malankaralibrary.com


വാൻ അദ്ദേഹത്തിനു സാധിച്ചു. കേരളത്തിലെ ചില രൂപതകളുടെ വിഭജനം സംബന്ധിച്ച് ബ. പ്ളാസിഡച്ചൻ നൽകിയിട്ടുള്ള രഹസ്യരേഖകളുടെ കൈയ്യെഴുത്തു കോപ്പി കാണാൻ ഈ ലേഖകന് ഇടയായിട്ടുണ്ട്. പടം വരച്ച് ഡിസ്ട്രിക്ടുകൾ അടയാളപ്പെടുത്തി ഇലുകകൾ നിശ്ചയിച്ച്, തിരുസിംഹാസനത്തിനു നൽകിയ ആ രേഖകൾ കഠിനപ്രയത്നത്തിൻെറ ഫലം തന്നെയാണ്. സ്വതേ ഒരു വരക്കാരനല്ലാത്ത അദ്ദേഹത്തിൻെറ ഭൂപടം കണ്ടാൽ ചിരിവരും എന്ന കാര്യവും വിസ്മരിക്കേണ്ടതില്ല. പ. സിംഹാസനം ആവശ്യപ്പെട്ടിട്ടു നൽകിയിട്ടുള്ള ഈ രേഖകളുടെ വെളിച്ചത്തിലാണ് കേരളത്തിലെ പലേ രൂപതകളുടെയും വിഭജനം നടന്നിട്ടുള്ളതെന്ന് നാം വിസ്മരിക്കരുത്. സുറിയാനിസഭയ്ക്കു് ഉത്തരഇന്ത്യയിൽ തനതായി മിഷൻരൂപതകൾ സ്ഥാപിച്ചുകിട്ടുന്നതിനായും അദ്ദേഹം ഭഗീരഥയത്നം നടത്തി.

കത്തോലിക്കാവിശ്വാസം ഒരു വിദേശച്ചരക്കായി പുറംതള്ളപ്പെടാതിരിക്കാൻ ജാതിസ്നേഹവും, സ്വരാജ്യസ്നേഹവും, സ്വന്ത റീത്തിനോടുള്ള സ്നേഹവും വളർത്താൻ 1938–ൽ ഫാ. പ്ളാസിഡ് ആഹ്വാനംചെയ്തു. യഥാർത്ഥ മതതീക്ഷ്ണതയിൽ സ്വജാതിക്കും, സ്വരാജ്യത്തിനും, സ്വസംസ്കാരത്തിനും, സ്വന്തറീത്തിനും പ്രത്യേക സ്ഥാനമുണ്ടെന്ന് അദ്ദേഹം ആവർത്തിച്ചു. കത്തോലിക്കാ വിശ്വാസത്തെ പ്രചരിപ്പിക്കുവാനും ഉറപ്പിച്ചുനിർത്തുവാനും ഉള്ളമാർഗ്ഗങ്ങളിൽ വളരെ പ്രധാനപ്പെട്ടതാണിതെന്ന് അദ്ദേഹം തറപ്പിച്ചുപറഞ്ഞു. ഈ ചിന്താസരണിയുടെ ചരടുപിടിച്ചാണ് ഭാരതത്തിൽ പലേ ലത്തീൻരൂപതകളിലായി ചിന്നിച്ചിതറിക്കിടക്കുന്ന അനേകായിരം സുറിയാനിക്കാർക്ക് അവരുടെ മെത്രാന്മാരോ, അവരുടെ അജപാലകരോതന്നെ കൂദാശാപരികർമ്മവും ആദ്ധ്യാത്മികസേവനവും ചെയ്യണമെന്ന് അദ്ദേഹവും വാദിച്ചത്. ഒരു പ്രദേശത്ത് ഒരു ഭരണസംവിധാനം (One Area one jurisdiction) എന്ന നിലപാടിനെ നഖശിഖാന്തം അദ്ദേഹം എതിർത്തു. മറിച്ച് ഓരോ ജനതയ്ക്കും (റീത്ത്) ഓരോ ഭരണസംവിധാനം

www.malankaralibrary.com



(one rite one jurisdiction). കാരണം എല്ലാ സഭകളും സ്വാതന്ത്ര്യവും തുല്യമാഹാത്മ്യമുള്ളവയുമാണ്. അതിനാൽ ഓരോ സഭയ്ക്കും (റീത്തിനും) വളരാൻ അവകാശമുണ്ട്. അതു വളർത്തുവാൻ അവരുടെ സ്വന്ത ഭരണസംവിധാനവും വേണം. 2–ാം വത്തിക്കാൻ കൗൺസിൽ രേഖകളിൽ ഈ ആശയം അംഗീകരിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. പ്ലാസിഡച്ചൻ മുന്നോട്ടുവച്ച ആശയം, അല്ല, അവകാശം, ഇന്ത്യയിൽ പ്രാവർത്തികമാക്കിയെടുക്കുവാനാണ് ഇന്നു് സിറിയൻ ബിഷപ്പ്സ് കോൺഫറൻസ് മുന്നോട്ടുവന്നിട്ടുള്ളതു്. ഇതിനെതിരായി വൻശക്തികൾ ഗൂഢാലോചനകൾ നടത്തുകയും, വത്തിക്കാൻ കൗൺസിൽ അംഗീകരിച്ചിട്ടുള്ളതെങ്കിലും, ഇന്ത്യയുടെ ഇന്നത്തെ പരിതസ്ഥിതിയിൽ ഇതു് നടപ്പാക്കരുതെന്നു് ലത്തീൻമെത്രാന്മാർ വാദിക്കുകയും ചെയ്യുന്നു. ഈ വടംവലിക്കു് ഒരു പൂർണ്ണവിരാമമിടുവാനുള്ള പ. സിംഹാസനത്തിന്റെ പരിശ്രമത്തിന്റെ ആദ്യഭാഗമായിരുന്നു ചങ്ങനാശ്ശേരി ആർച്ചുബിഷപ്പ് മാർ ആന്റണി പടിയറയുടെ വിസിറ്റേഷനും റിപ്പോർട്ടു സമർപ്പണവും.

ഇവിടെ ഒരു കാര്യം അനുസ്മരിക്കുന്നതു് സാന്ദർഭികമാണ്. ബ. പ്ലാസിഡച്ചൻ അവധിക്കാലങ്ങളിൽ തന്റെ കൂടെയുള്ള ശെമ്മാശന്മാരുമായി ഉത്തരഇറ്റലിയിൽ വിശ്രമത്തിനു പോവുക പതിവായിരുന്നു. ഈ അവസരങ്ങളിൽ ബിഷപ്പ് ലുച്ചിയാനിയുമായി അദ്ദേഹം പരിചയപ്പെട്ടു. ഈ പരിചയം പില്ക്കാലത്തു് വലിയ ഉപകാരം ചെയ്തു. കേരളസഭയെക്കുറിച്ചും അവിടത്തെ സുറിയാനിക്കാരെക്കുറിച്ചും അവരുടെ ബുദ്ധിമുട്ടുകളെക്കുറിച്ചും എല്ലാം അവർ സംസാരിക്കുമായിരുന്നു. കർദ്ദിനാൾ ലുച്ചിയാനിയാണ് പിന്നീടു് ജോൺ പോൾ ഒന്നാമൻ മാർപ്പാപ്പയായി ഏതാണ്ടു് 30 ദിവസം സഭയെ ഭരിച്ചതു്. പുഞ്ചിരിക്കുന്ന പാപ്പായെന്ന അപരനാമത്തിൽ അറിയപ്പെടുകയും ഒരു മാസം കൊണ്ടു് ലോകശ്രദ്ധ പിടിച്ചുപറ്റുകയും ചെയ്ത ഈ പരിശുദ്ധ പിതാവാണ് തന്റെ 30 ദിവസത്തെ ഭരണത്തിനിടയിൽ മാർ ആന്റണി പടിയറയെ വിസിറ്റാറായി നിശ്ച

www.malankaralibrary.com



യിച്ചുകൊണ്ടു് കല്പന പുറപ്പെടുത്തിയതു്. അദ്ദേഹത്തിന്റെ രഹസ്യറിപ്പോർട്ടു് അങ്ങാടിപ്പരസ്യംപോലെ ലത്തീൻകാർ കണക്കാക്കുകയും അതിനോടു് നിഷേധാത്മകമായി പ്രതികരിക്കുകയും ചെയ്തിട്ടുണ്ടു്. സ്വന്ത അണികളെയും അധികാര കസേരകളെയും പിടിച്ചു നിർത്താനും മററുള്ളവരെ അടിമകളാക്കി എന്നും വച്ചുകൊണ്ടിരിക്കുവാനുമുള്ള കൊളോണിയലിസ ചിന്ത ഇന്നും അവരിൽനിന്നും വിട്ടുമാറിയിട്ടില്ലയെന്നതു് ഖേദകരമാണു്. സാർവ്വത്രിക സഭയെന്നതു് ലത്തീൻ സഭയെന്ന അവരുടെ മിഥ്യാധാരണയും ഇതിനു് അരുനിൽക്കുന്നു. ക്രിസ്തുവിന്റെ സഭയാണു് സാർവ്വത്രികസഭ. എല്ലാ റീത്തിലുമുള്ള സഭകളും സാർവ്വത്രികസഭയുടെ ഭാഗങ്ങളാണു് എന്ന കാര്യം അനുസ്മരിച്ചാൽ ഈ മക്കടെമുഷ്ടി അവസാനിപ്പിച്ചു് സ്വയം വളരുകയും മററുള്ളവരെ വളർത്തുകയും ചെയ്യുന്ന ഒരു സാർവ്വത്രിക മനഃസ്ഥിതി സംജാതമാകയും അതു് ഇന്ത്യൻ സഭയ്ക്കു് രക്ഷാകരമായി ഭവിക്കുകയുംചെയ്യും. സ്വന്ത റീത്തിന്റെ സ്വാതന്ത്ര്യത്തിനും സ്വന്തം ജനതയുടെ വളർച്ചയ്ക്കും, അവരുടെ ഭരണസംവിധാനത്തിനും വേണ്ടിയുള്ള ഈ നിശബ്ദപ്രക്ഷോഭണത്തിനു് ദശാബ്ദങ്ങൾക്കു മുൻപു് ബീജാവാപം നൽകിയതും രേഖകളാവച്ചു് പഠിച്ചു് അതിനു് പാഠവും വ്യാഖ്യാനവും എഴുതിച്ചേർത്തതും പ്ലാസിഡച്ചനാണു്. ഇന്നു നടക്കുന്ന ഈ 'സമരത്തിനു്' മറഞ്ഞുനിന്നു നേതൃത്വം നൽകിക്കൊണ്ടിരിക്കുന്ന ചുരുക്കം ചിലരിൽ പ്രധാനൻ അദ്ദേഹംതന്നെയാണെന്നു് മനസ്സിലാക്കുവാൻ വേണ്ടിയാണു് ഇത്രയും പറഞ്ഞതു്. മാർ കരിയാററിയുടെയും പാറേമാക്കൽ തോമ്മാക്കത്തനാരുടെയും മററുചില മഹത്തുക്കളുടെയും കാല്പാടുകളെ അദ്ദേഹം അനുധാവനം ചെയ്യുക മാത്രമാണു് ചെയ്തിട്ടുള്ളതു്. കരിയാററിയും ഗോവർണ്ണദോരും സ്വപ്നം കാണുകയും പണിയെടുക്കുകയും ചെയ്ത ആ ആശയം വളമിട്ടു വെള്ളം കോരി വളർത്തുവാൻ റോമയുമായി ഉററബന്ധം ഉണ്ടായിരുന്ന,പ. സിംഹാസനത്തിൽ വളരെ സ്വാധീനമുണ്ടായിരുന്ന, പ്ലാസിഡച്ചനു സാധിച്ചുവെന്നു ചുരുക്കം. റോമിലായിരുന്നപ്പോഴും പ്ലാസിഡച്ചൻ സഭയ്ക്കുചെയ്ത മഹത്തരങ്ങളായ സേവനങ്ങളെ എണ്ണി എണ്ണിപ്പറഞ്ഞുകൊണ്ടു് പൗരസ്ത്യതിരുസംഘം

www.malankaralibrary.com



നന്ദി പ്രദർശിപ്പിച്ചിരിക്കുന്നതു് താഴെക്കാണും വിധമാണു്. ''....1952 മാർച്ച് 7–ാം തീയതിമുതൽ ഈ തിരുസംഘത്തിൻെറ ആലോചനക്കാരനെന്നനിലയിൽ ബ. അച്ചൻ നിർവ്വഹിച്ചിട്ടുള്ള അദ്ധ്വാനപൂർണ്ണമായ സേവനം അനുസ്മരിക്കുന്നതിനു് ഉചിതമായ ഒരവസരമാണു് ഇതു്. സന്യാസിനിസഭകളുടെ സംയോജനം, നിയമ സംഹിതകളുടെ പരിഷ്ക്കരണം, ആരാധനാക്രമ നവീകരണത്തിൻെറ പ്രോത്സാഹനം എന്നീകാര്യങ്ങളിൽ അങ്ങയുടെ സേവനം എടുത്തു പറയത്തക്കതാണു്. അതോടൊപ്പം പ്രേഷിതരംഗങ്ങൾ സ്ഥാപിക്കുന്നതിൽ അങ്ങു ചെലുത്തിയ പ്രേരണ, പൗരോഹിത്യത്തിലേയ്ക്കും സന്യാസാന്തസ്സിലേയ്ക്കുമുള്ള ദൈവവിളികൾക്കു് ആദ്ധ്യാത്മിക സഹായവും സംരക്ഷണവും നൽകുന്നതിൽ അങ്ങർപ്പിച്ചിട്ടുള്ള സേവനം എന്നിവയും പ്രസ്താവിക്കപ്പെടേണ്ടതുതന്നെ'' കാർഡിനൽ ഫുസ്റ്റൻബർഗ്ഗ് 1969 സെപ്റ്റംബർ 27–ന് പ്ലാസിഡച്ചൻെറ 70–ാം ജന്മദിനാശംസകൾ അർപ്പിച്ചുകൊണ്ടു് എഴുതിയ ഔദ്യോഗിക കത്തിലെ ഒരു ഭാഗമാണു് ഇതു്. ബ. പ്ലാസിഡച്ചൻെറ നിശബ്ദസേവനവേദികൾ എന്തെല്ലാമാണെന്നു് ഇതിൽ നിന്നും വ്യക്തമാണല്ലോ.

## വത്തിക്കാൻ കൗൺസിലിൽ.

രണ്ടാം വത്തിക്കാൻ കൗൺസിലിൻെറ അജണ്ട ക്രോഡീകരിക്കുന്നതിനുള്ള പൊന്തിഫിക്കൽ കമ്മീഷൻെറ കൺസൽട്ടറായി 23–ാം യോഹന്നാൻ മാർപ്പാപ്പാ പ്ലാസിഡച്ചനെ നിയമിച്ചു 1960 മുതൽ '63 വരെ അദ്ദേഹം ആ ജോലി സുതരാം നിർവ്വഹിച്ചു. 1963–ൽ സൂനഹദോസിലെ papal Expert ആയി അദ്ദേഹം അവരോധിതനായി. അതേ വർഷത്തിൽ തന്നെ പൗരസ്ത്യ സഭകൾക്കായുള്ള സൂനഹദോസ് കമ്മീഷൻെറ കൺസൽട്ടറായും അദ്ദേഹത്തെ നിയമിച്ചു. ഈ ത്രിവിധ തലങ്ങളിൽ നിന്നുകൊണ്ടു് രണ്ടാം വത്തിക്കാൻ കൗൺസിലിൻെറ വിജയത്തിൽ വളരെയടുത്തു് സഹകരിക്കാൻ അദ്ദേഹത്തിനു സാധിച്ചു. പൗരസ്ത്യ

www.malankaralibrary.com



സഭകളെ സംബന്ധിച്ച രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ഡിക്രി രൂപപ്പെടുത്തുന്നതിലും പാസ്സാക്കിയെടുക്കുന്നതിലും വേണ്ട ആശയങ്ങളെല്ലാം അതിൽ ഉൾപ്പെടുത്തുന്നതിനും എല്ലാം ഫാ. പ്ലാസിഡിനു സാധിച്ചു. സൂനഹദോസുമായുള്ള അദ്ദേഹത്തിന്റെ അടുത്ത ബന്ധമത്രേ. പാശ്ചാത്യ പണ്ഡിതന്മാരായ ഷുർഹാമർ, ഹംബി, റാസ് മുതലായവരുമായും യൂറോപ്പിലെ പൗരസ്ത്യസഭയുടെ അനിഷേധ്യ നേതാക്കളായ കാർഡിനൽ സ്ലിപ്പി മുതലായവരുമായും പ്ലാസിഡച്ചനു് ഉണ്ടായിരുന്ന മൈത്രി, "'ആധുനികകാലത്തെ ഏററം വലിയ പ്രവാചകന്മാരിൽ ഒരുവനായ' മെൽക്കൈററ് പാത്രിയാർക്കീസ് 4 ാം മാക്സിമോസ് ബാവായുമായുള്ള അടുത്ത ബന്ധം, ഇവയെല്ലാം അദ്ദേഹത്തിന്റെ പാണ്ഡിത്യത്തെ ആഴപ്പെടുത്തുകയും സൂനഹദോസിലും പ. സിംഹാസനത്തിലും അദ്ദേഹത്തിനുള്ള സ്വാധീനം വദ്ധമാനമാക്കുകയും ചെയ്തു.

## പണ്ഡിതന്മാരുടെ പണ്ഡിതൻ

ഭാരതസഭയേയും പ്രാചീനകേരളസഭയേയും സംബന്ധിച്ച ഏററം വലിയ ചരിത്രകാരൻ പ്ലാസിഡച്ചനാണു്. 'കേരള സഭാചരിത്രത്തിന്റെ പിതാവു്' എന്നഅന്വത്ഥനാമത്തിനു് അർഹനായ ബെർണ്ണാർദച്ചന്റെ കൂടെയുള്ള ജീവിതം അദ്ദേഹത്തെ സംബന്ധിച്ച് ഒരനുഭവമായിരുന്നു. വത്തിക്കാൻ ലൈബ്രറിയിലെ ഈടുവയ്പിൽ സൂക്ഷിച്ചിരിക്കുന്ന രേഖകളും മററു യൂറോപ്യൻ ഗ്രന്ഥശേഖരങ്ങളിൽ രഹസ്യമായി സൂക്ഷിച്ചിരിക്കുന്ന സത്യസന്ധങ്ങളായ റിപ്പോർട്ടുകളും പഠിച്ചാണു് അദ്ദേഹം ഈടുററ ചരിത്രഗ്രന്ഥങ്ങൾ വിരചിച്ചതു്. മി. കെ. ഇ. ജോബ്, ഡോ. പി. ജെ. തോമസ്, മോൺ. ജെ സി. പഞ്ഞിക്കാരൻ, മി ററി. കെ. ജോസഫ്, മി. വി. സി. ജോർജ്ജ് എന്നീ പണ്ഡിതന്മാർ അവരവരുടെ ഭാഗം നന്നായി അഭിനയിച്ചിട്ടുണ്ടെന്നുള്ള വസ്തുത ഇവിടെ സന്തോഷപൂർവ്വം സ്മരിക്കുന്നു. പക്ഷേ, അവർക്കൊക്കെ അവരവരുടെ പരിമിതികൾ ഉണ്ടായിരുന്നു. പലേ രേഖകളും ത

www.malankaralibrary.com



ന്നെ രഹസ്യമായി സൂക്ഷിച്ചിരുന്ന കാലമാണത്ത്. എന്നാൽ കാലത്തിൻെറ കുത്തിയൊഴുക്കിൽ, ചില വാതായനങ്ങൾ തുറക്കപ്പെട്ടപ്പോൾ പ്ലാസിഡച്ചൻ വളരെയധികം രേഖകൾ ശേഖരിക്കാനും പഠിക്കാനും അവ ഉപയോഗിച്ച് ശ്രദ്ധേയങ്ങളും ആധികാരികങ്ങളുമായ അനേകമനേകം ഗ്രന്ഥങ്ങളും പ്രബന്ധങ്ങളും വിരചിക്കാനും, മററു ഗവേഷകരെക്കൊണ്ട് വിരചിപ്പിക്കാനും, സാധിച്ചിട്ടുണ്ട്. അദ്ദേഹത്തിൻെറ ഭുവനപ്രസിദ്ധങ്ങളായ ഗ്രന്ഥങ്ങൾ പലേ യൂറോപ്യൻ പഠിതാക്കളും ആധികാരിക സ്രോതസ്സുകളായി ഉപയോഗിച്ചിട്ടുണ്ട്. അതിൽനിന്നു തന്നെ അദ്ദേഹത്തിൻെറ പഠനത്തിൻെറ വില നമുക്ക സുവ്യക്തമാകും. ആംഗല കവിയായ സ്പെൻസറെ കവികളുടെ കവിയെന്ന് വിളിക്കുന്നതുപോലെ പ്ലാസിഡച്ചനെ പണ്ഡിതന്മാരുടെ പണ്ഡിതനെന്നും ചരിത്രകാരന്മാരുടെ ചരിത്രകാരനെന്നും ഗവേഷകരുടെ ഗവേഷകനെന്നും അതിശയോക്തി കൂടാതെ വിളിക്കാവുന്നതാണ്. പ്ലാസിഡച്ചൻെറ ഗ്രന്ഥങ്ങളുടെയും പ്രബന്ധങ്ങളുടെയും ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുള്ളതിനാൽ അവ ഇവിടെ പ്രതിപാദ്യ വിഷയമാകുന്നില്ല.

## സന്യാസവ്യക്തിത്വം

പ്ലാസിഡച്ചൻെറ തിരുസ്സഭാ സേവനത്തെക്കുറിച്ചുള്ള അശാസ്ത്രീയവും ഉപരിപ്ലവവുമായ ഈ തൂലികാചിത്രം അവസാനിപ്പിക്കുന്നതിനു മുൻപ് അദ്ദേഹത്തിൻെറ വ്യക്തിത്വത്തെക്കുറിച്ചുകൂടി അല്പം പ്രതിപാദിച്ചില്ലെങ്കിൽ അത് അദ്ദേഹത്തോടു ചെയ്യുന്ന കടുത്ത ഒരു വഞ്ചനയായിരിക്കും. അദ്ദേഹം പണ്ഡിതനായിരിക്കാം, ഗവേഷകനായിരിക്കാം, ചരിത്രകാരനായിരിക്കാം മററു പലതുമായിരിക്കാം. എന്നാൽ ഇവയെ എല്ലാം നിഷ്പ്രഭമാക്കുന്നത് സന്യാസവ്യക്തിത്വമാണ്. ഈ അതികായൻ വെറും ഒരു സന്യാസിയായിരുന്നു— സാക്ഷാൽ സന്യാസി. ദീനാനുകമ്പ, ആശ്രിതവാത്സല്യം, പ്രതിപക്ഷബഹുമാനം, ശാന്തത, ശാലീനത സാക്ഷാൽ പ്രാർത്ഥനാ ചൈതന്യം, മാതൃസഭയോടുള്ള കറക

www.malankaralibrary.com



ളഞ്ഞസ്നേഹം, വിനയം, അധികാര വിധേയത്വം, ദാരിദ്ര്യം, പ്രസന്നത എന്നീ ഗുണ പൗഷ്കല്യങ്ങളുടെ വിളനിലമായിരുന്നു അദ്ദേഹം. വിനയാന്വിതനായ ആ കർമ്മയോഗി നിശബ്ദനായി അണിയറയിൽ ഇരുന്നു പ്രവർത്തിക്ക മാത്രമേ ചെയ്തിട്ടുള്ളു സ്ഥാനങ്ങളും പ്രശസ്തിയും തന്നെത്തേടി വന്നപ്പോഴും പോലും അദ്ദേഹം വെളിച്ചത്തുവരാതെ, അവയിൽ നിന്നെല്ലാം ഓടിയകലുവാനാണ് ശ്രമിച്ചത്. കേരളസഭയുടെ ആത്മാവാണദ്ദേഹം! ഭാരതസുറിയാനി സഭയുടെ മനസ്സാക്ഷിയാണദ്ദേഹം! പൗരസ്ത്യ സഭകളുടെ ജീവശ്വാസമാണദ്ദേഹം! ആത്മാവിനെ ആരും കണ്ടിട്ടില്ല. ജീവൻ പ്രത്യക്ഷമാകുന്നതു് പ്രവൃത്തികളിലൂടെയാണു്. അതുപോലെ തന്നെ മല്പാനച്ചനും തന്റെ പ്രവർത്തനങ്ങളിലൂടെ മാത്രമേ പ്രത്യക്ഷപ്പെട്ടിരുന്നുള്ളു.

## ഉയർച്ചയിലെ താഴ്ച

അഗാധപണ്ഡിതനായിരുന്ന അദ്ദേഹം വിനയത്തിന്റെ മൂർത്തിഭാവമായിരുന്നു. ആ വിനയാന്വിതത്വം സമുദായത്തിന്റെ അടിത്തട്ടിലുള്ള ആളുകളോട് ഇടപഴകുന്നതിനും അവരെ ക്രിസ്തുവിൽ സ്നേഹിക്കുന്നതിനും ഇടവരുത്തി. ഹരിജൻ വർഗ്ഗത്തിൽ നിന്നും കത്തോലിക്കാവിശ്വാസം സ്വീകരിച്ചിരുന്നവരോടു് അദ്ദേഹത്തിനൊരു പ്രത്യേക താല്പര്യ ഉണ്ടായിരുന്നു. അവരുടെ ഭാവി ഭാസുരമാക്കാൻ അദ്ദേഹം തല്പരനായിരുന്നു.

ചെത്തിപ്പുഴ ആശ്രമത്തിലെ ആശ്രിതനായിരുന്ന മി. യൗസേപ്പിനു് ('പടക്കതിര' എന്ന ഓമനപ്പേരിലാണയാൾ അറിയപ്പെട്ടിരുന്നതു്) റോമിൽനിന്നും എഴുതിയ ഒരു കത്തു് ഈ ലേഖകനു് കാൽ നൂററാണ്ടു മുൻപു് കാണാൻ സാധിച്ചു ബഹുകാര്യവ്യഗ്രനായി സഭയുടെ ഭരണയന്ത്രം തിരിക്കുന്നവർക്കു് ആലോചന കൊടുത്തുകൊണ്ടിരുന്നപ്പോഴും, അദ്ധ്യാപകനായിരുന്നപ്പോഴും, ഗവേഷകനായിരുന്നപ്പോഴും, ഈ നല്ല കാര്യത്തിനു് അദ്ദേഹം സമയം കണ്ടെത്തി

www.malankaralibrary.com



യെന്നുള്ളതാണ് മറക്കാനാവാത്ത കാര്യം. അവനു മനസ്സിലാവുന്ന ഭാഷയിൽ, അല്ല, അവൻെറ ഭാഷയിൽ ആ കായിതം വിരചിച്ചുവെന്നും മനസ്സിലാക്കുക. അറന്നൂറാണ്ടു മുൻപ് അസ്സൂശ്യതയുടെയും തീണ്ടലിൻെറയും ഒക്കെ പിശാചങ്ങൾ കൊടികുത്തി വാഴുന്ന കാലത്താണിതെന്ന് ഓർക്കുമ്പോൾ ഇതിനു വണ്ണപ്പൊലിമ ലഭിക്കുന്നു.

## ദരിദ്രരിൽ ദരിദ്രൻ

തൻെറ ഗുരുനാഥനെപ്പോലെ അദ്ദേഹം പാവപ്പെട്ടവരുടെ ചേരിയിലായിരുന്നു; തൻെറ ജീവിതം മുഴുവനും തന്നെ വെറും ദരിദ്രനായി കഴിച്ചുകൂട്ടി. 25–ൽ പരം വഷങ്ങൾ പാശ്ചാത്യരാജ്യങ്ങളിൽ ജീവിച്ച ആ വലിയ മനുഷ്യൻ, നാട്ടിൽ തിരിച്ചെത്തിയപ്പോൾ യാതൊന്നും കൊണ്ടുവരാനില്ലായിരുന്നു. എല്ലാം കൂടി അദ്ദേഹം ഉപയോഗിച്ചിരുന്ന പഴയ ചെറിയ ടൈപ്പ്റൈററർ, താൻ ഉപയോഗിച്ചിരുന്ന ഏതാനും പുസ്തകങ്ങൾ, പ. പിതാവു വെഞ്ചരിച്ച കുറച്ചു കാശുരൂപങ്ങൾ!! എല്ലാം തീർന്നു. ഏതാനും കൊല്ലം ശീമയിൽ താമസിച്ചിട്ട് വരുമ്പോൾ ഒരു കുടുംബത്തിനോ, പല കുടുംബങ്ങൾക്കോ ഉപയോഗിക്കാനുള്ള വിലയേറിയ സാധനങ്ങൾ ഡ്യൂട്ടി കൊടുത്തും കൊടുക്കാതെയും കെട്ടി വലിച്ചുകൊണ്ടുവരുന്ന, അവകൊണ്ട് തങ്ങളുടെ സന്യാസഭവനത്തിലെ മുറി അലങ്കരിക്കുന്ന ചില സന്യാസികളുടെ അത്യാഗ്രഹവും ധനമോഹവും ഭൗതികാർപ്പണവും കാണുമ്പോൾ ലജ്ജതോന്നാറുണ്ട്. ശീമയിൽനിന്നും സംഘടിപ്പിച്ച സാധനങ്ങളുമായി നടുവുഞെളിച്ചു നടക്കുന്ന, ഇവിടെത്തന്നെ സ്വർഗ്ഗം പണിയുന്ന മാമോൻെറ ഈ ആരാധകരുമായി തട്ടിച്ചുനോക്കുമ്പോൾ മാത്രമേ പ്രാസിഡച്ചൻെറ ദാരിദ്ര്യം തെളിമയുള്ളതായി കാണപ്പെടുകയുള്ളു. അദ്ദേഹത്തിൻെറ ഉപയോഗസാധനങ്ങളിൽ യാതൊന്നു പോലും സന്യാസദാരിദ്ര്യത്തിൻെറ ആവൃതിയ്ക്കു പുറത്തു നില്ക്കുന്നതായി കണ്ടിട്ടില്ല. ആഹാരത്തിലോ വസ്ത്രത്തിലോ ഇതര ഉപയോഗവസ്തുക്കളിലോ

www.malankaralibrary.com



എന്തെങ്കിലും അസാമാന്യത ഉണ്ടെങ്കിൽ അതു് അവയുടെ സാമാന്യതയും ശാലീനതയും മാത്രമാണു് ഇന്നുള്ള ചിലർ നാട്ടിൽവന്നാൽ നാടുമായി ഇണങ്ങിച്ചേരാൻ മാസങ്ങളും വർഷങ്ങളും തന്നെ പിടിക്കുന്നു. എരുവു്, പുളി, എണ്ണ ഒന്നും പാടില്ല. പാശ്ചാത്യവത്ക്കരിച്ച ശരീരവുമായാണവർ റെയിലിനിറങ്ങുക!! ഇതിനു് 'ഗമ' യെന്നോ, പൊങ്ങച്ചമെന്നോ അല്ലാതെ എന്താണു പേരിടുക. ഇക്കൂട്ടർക്കു് നാടൻ വർത്തമാനങ്ങൾ പുച്ഛമാണു്. സായിപ്പിന്റെ രീതികളാണു മെച്ചം!! പ്ലാസിഡച്ചൻ കാൽ ശതാബ്ദം പാശ്ചാത്യസംസ്ക്കാരത്തിൽ ജീവിച്ചിട്ടും പഠിച്ചിട്ടും പഠിപ്പിച്ചിട്ടും നമ്മുടെ ഭാരതസംസ്ക്കാരത്തോടും കേരളീയ ജീവിത രീതിയോടും അഭിമാനകരമായ പ്രതികരണങ്ങൾ മാത്രമേ പുറപ്പെടുത്തിയിട്ടുള്ളു. നാട്ടുരീതികളെയും നാട്ടുനടപ്പിനെയും ഒക്കെ അദ്ദേഹം സ്തുതിക്കുകയും വാനോളം പുകഴ്ത്തുകയും മാത്രമേ ചെയ്തിട്ടുള്ളു റോമിലായിരുന്നപ്പോൾ പോലും നാടൻ ഭക്ഷണരീതിയോടു് അദ്ദേഹം കാട്ടിയിരുന്ന താത്പര്യം ഇതിനു് ഒരുദാഹരണമാണു്. ഇടയ്ക്കിടയ്ക്കു് പ്ളാസിഡച്ചനു് കേരളീയ വിഭവങ്ങൾ പാകപ്പെടുത്തിക്കൊടുക്കുവാൻ അദ്ദേഹത്തിന്റെ ശിഷ്യന്മാർ ശ്രദ്ധിച്ചിരുന്നു. അന്നത്തെ "പാചകവിദഗ്ധന്മാരിൽ" ഇന്നത്തെ ഏതാനും തിരുമേനിമാരും ഉണ്ടായിരുന്നുവെന്നതു് സ്മരണീയമത്രേ.

അദ്ദേഹം അധികാരികളെ സോപ്പിടാനോ ആവശ്യത്തിൽക്കൂടുതൽ അവരെ ആശ്രയിക്കുവാനോ, അവർക്കു് മുഖസ്തുതി കരേററുവാനോ തയ്യാറായിട്ടില്ല. എന്നാൽ സന്യാസാനുസരണത്തിന്റെ കറകളഞ്ഞ തനിമയിൽ മാത്രമേ ജീവിച്ചിട്ടുള്ളു. ഇന്നത്തെ സന്യാസത്തിലെ ചില പണക്കാർ തങ്ങളുടെ ഇഷ്ടാനുസാരം പണം അനുവാദം കൂടാതെ കൈകാര്യം ചെയ്യുമ്പോൾ, ഈ മഹാനുഭാവൻ, പത്തുരൂപാ വേണമെങ്കിൽ, കൊച്ചുകുഞ്ഞുങ്ങളുടെ മാധുരിയോടെ, വിനയത്തോടെ, വേണ്ടപ്പെട്ട അധികാരികളോടു് അനുവാദം വാങ്ങി മാത്രമേ തന്നെ ശുശ്രൂഷിച്ചവർക്കു പോലും നല്കിയിട്ടുള്ളു. അദ്ദേഹത്തിന്റെ കയ്യിൽ ഒരു

www.malankaralibrary.com



ചില്ലിക്കാശുപോലും കാണാൻ കഴിഞ്ഞിട്ടില്ല. അദ്ദേഹത്തിനു് ആവശ്യങ്ങൾ അധികമില്ലായിരുന്നു. അത്യാവശ്യങ്ങൾ ചോദിക്കമാത്രം ചെയ്യും. എന്തെങ്കിലും ആവശ്യമില്ലാത്തവ ലഭിച്ചാൽ സ്നേഹപൂർവ്വം, ഉപചാരപൂർവ്വം, അദ്ദേഹം അതു നിഷേധിക്കും.

## സഹനത്തിൻെറ പുഞ്ചിരി.

വീരോചിതമായ സഹനത്തിൻെറ യഥാർത്ഥമാതൃകയാണു് പ്ളാസിഡച്ചൻ. റോമിൽവച്ചു് സൈക്കിൾ മുട്ടി കാലൊടിഞ്ഞു് കിടന്നിരുന്ന ആ കാലഘട്ടം പുഞ്ചിരിയോടുകൂടിത്തന്നെ അദ്ദേഹം തള്ളിനീക്കി. ശരശയ്യ അദ്ദേഹം പുഷ്പശയ്യയാക്കി മാററി. സ്വയം ചിരിച്ചും മററുള്ളവരെ ചിരിപ്പിച്ചും അദ്ദേഹം തൻെറ വേദന മറച്ചുപിടിച്ചു. "മോട്ടർ സൈക്കിൾ മുട്ടിയിരുന്നെങ്കിൽ വീഴ്ചക്കൊരവസ്ഥയുണ്ടായിരുന്നു. വെറും കൊല്ലി സൈക്കിൾ മുട്ടി കാലൊടിഞ്ഞെന്നു പറയാൻ ഒരു നാണം", അദ്ദേഹം പറയുമായിരുന്നു. ഒരു വെറും കൂലിപ്പണിക്കാരനായിരുന്ന സൈക്കിൾകാരൻ കാഴ്ചകളുമായി അദ്ദേഹത്തെ കാണാൻ വന്നപ്പോൾ അദ്ദേഹം മററുള്ളവരോടു പറഞ്ഞതു് "അയ്യോ, പാവം! അവനു് ഞാൻ വല്ലതും കൊടുക്കുകയാണു വേണ്ടതു്" എന്നത്രേ.

1980 ഡിസംബർ 20നു് പ്ളാസിഡച്ചൻ റോമിൽനിന്നും ചെത്തിപ്പുഴയിലെത്തി. അവിടെ വിശ്രമജീവിതം നയിച്ചിരുന്നതിൻെറ അവസാനത്തിൽ ദേഹമെല്ലാം പൊട്ടി വേദനകൊണ്ടു വിങ്ങിപ്പൊട്ടിയപ്പോഴും അദ്ദേഹം യാതൊരു അസംതൃപ്തിയും കാട്ടിയില്ല; പിറുപിറുത്തില്ല, വ്യാകുലം എഴുന്നെള്ളിച്ചില്ല. വേദനയുണ്ടെന്നു് വ്യക്തമായി അറിഞ്ഞുകൊണ്ടുതന്നെ ഈ ലേഖകൻ പലപ്പോഴും ചോദിച്ചിട്ടുണ്ടു്, "വേദനയുണ്ടോ"? "ഇല്ല" എന്നാണു് സാധാരണ ഉത്തരം. ഞങ്ങൾ തമ്മിൽ വളരെ ഹൃദയ അടുപ്പവും സ്നേഹവുമുണ്ടായിരുന്നു. ഹൃദയം തുറന്നു സംസാരിക്കുമായിരുന്നു; യാതൊരു മറയുമില്ലാതെ. വേ

www.malankaralibrary.com



ദനയുടെ ഇടനാഴിയിൽ കിടന്നു വീർപ്പുമുട്ടിയ അവസരങ്ങളിൽ വേദനയുണ്ടോ എന്നു ചോദിച്ചാൽ എന്നോടു മാത്രം ചുരുക്കം ചില അവസരങ്ങളിൽ "അല്പം ഉണ്ടു" എന്ന ശാന്തമായ മറുപടി നല്കും. സഹനം ആനന്ദമല്ല, എങ്കിലും അദ്ദേഹം അതു് ആനന്ദമാക്കിയിരുന്നു.

നിഷ്കളങ്കനും നിർമ്മലനും വിനയാന്വിതനുമായ ആ മഹായോഗി തന്നോടടുത്തു പെരുമാറുന്ന എല്ലാവരോടും സ്നേഹവായ്പോടുകൂടി മാത്രമേ പെരുമാറാറുണ്ടായിരുന്നുള്ളു. അവസരത്തിലും അനവസരത്തിലും തൻെറ സഹായം തേടിയെത്തിയിരുന്നവരെ കലവറ കൂടാതെ അദ്ദേഹം തൻെറ വിജ്ഞാന ഭണ്ഡാഗാരത്തിൽ നിന്നും സഹായിച്ചിരുന്നു രോഗിയായിരുന്ന അവസരത്തിൽപോലും അദ്ദേഹം ഇക്കാര്യത്തിൽ ഒരു നീരസം പ്രകടിപ്പിച്ചതായി കണ്ടിട്ടില്ല. തന്നെ ദീർഘനാറം ശുശ്രൂഷിച്ചിരുന്ന മാത്യുവിനും, അപ്പച്ചനും ജോലി വാങ്ങിക്കൊടുത്തു് അവരുടെ ഭാവിജീവിതം ഉറപ്പിക്കാൻ അദ്ദേഹം വളരെയധികം സ്വാധീനം ചെലുത്തിയിരുന്നു സ്വന്തം പിതാവിനു് മക്കരം പോലും ചെയ്യാത്ത ശുശ്രൂഷകളാണു് അവർ അദ്ദേഹത്തിനു ചെയ്തുകൊടുത്തതു്. ജസ്റ്റിനും അപ്പച്ചൻകുട്ടിയും അതുപോലെതന്നെ. ഇവരോടെല്ലാം അദ്ദേഹം നന്ദിയുള്ളവനായിരുന്നു. തനിയ്ക്കു് ഏതെങ്കിലും വിധത്തിൽ സഹായം ചെയ്തിട്ടുള്ള എല്ലാവർക്കും അദ്ദേഹം പ്രത്യുപകാരമോ പാരിതോഷികമോ കൊടുപ്പിച്ചിരുന്നു. അദ്ദേഹം സ്നേഹിച്ചിരുന്നവരെ എന്നും കാണുവാനും അവരുടെ സുഖവിവരം അറിയാനും വളരെ ജാഗ്രത പുലത്തിയിരുന്നു. ഒരു ദിവസമെങ്കിലും ഈ ലേഖകനെ കണ്ടില്ലെങ്കിൽ "അച്ചൻ പോയിട്ടു വന്നില്ലേ?" "അച്ചനെ ഇന്നു കണ്ടില്ലല്ലോ" എന്നു പരിചാരകരോടു് തിരക്കുക ഒരു നിത്യസംഭവമായിരുന്നു. പലപ്പോഴും ഈ സ്നേഹാന്വേഷണം ഈയുള്ളവനെ വികാരവിവശനാക്കാറുമുണ്ടായിരുന്നു.

www.malankaralibrary.com



## തിരുസഭാ സ്നേഹം

മാതാവായ സഭയോടും പ്രത്യേകിച്ച് കേരള സുറിയാനി സഭയോടും സാർവ്വത്രിക സഭയുടെ അനിഷേധ്യ നേതാവായ പ. പിതാവിനോടും അദ്ദേഹത്തിന് ശിശുസഹജമായ സ്നേഹവായ്പ് ഉണ്ടായിരുന്നു. സഭയേയോ, സഭാതലവനെയോ വിമർശിക്കുന്നത് അദ്ദേഹത്തിനു സഹിക്കില്ല. സ്വതേ വാചാലനല്ലാത്ത, നിത്യപ്രശാന്തനായ, അദ്ദേഹം വാചാലനാകുന്നതും, രോഷം കൊള്ളുന്നതും, സഭയേയോ, സഭാതലവനെയോ വല്ലവരും കുറ്റം പറയുകയോ താഴ്ത്തി സംസാരിക്കുകയോ ചെയ്യുമ്പോൾ മാത്രമാണ്. ഇത്തരക്കാരുടെ കാര്യം പറയുമ്പോൾ ''റോമ്മാ പറഞ്ഞാൽ ഇവർ കേൾക്കുമോ? മാർപ്പാപ്പാ പറഞ്ഞാൽ ഇവർ അനുസരിക്കുമോ? ഇവർ വല്ലതും പഠിച്ചിട്ടുണ്ടോ?'' എന്നിങ്ങനെ ധാർമ്മിക രോഷത്തോടുകൂടി ചോദിക്കുമായിരുന്നു. അപ്പോൾ ആ മുഖം രക്തവർണ്ണമാകും.! കണ്ണുകൾ തിളങ്ങും! ഈ ഒരു കാര്യത്തിലൊഴിച്ച് അദ്ദേഹം ആരെയും കുറ്റപ്പെടുത്തുകയോ തരംതാഴ്ത്തി സംസാരിക്കുകയോ ചെയ്തിട്ടില്ല കേരള സുറിയാനി സഭയെ കൽദായമയമാക്കാൻ അദ്ദേഹം ശ്രമിച്ചുവെന്ന ആരോപണവുമായി ചിലർ രംഗത്തു വന്നിരുന്നു ഇതു് വെറും തെറ്റിധാരണ മാത്രമായിരുന്നു. ഇതിന്റെ പേരിൽ അദ്ദേഹത്തെ എതിർത്തവരും പുലഭ്യം പറഞ്ഞവരും ഇന്നുമുണ്ട്. അതുപോലെ അദ്ദേഹത്തിന്റെ പഠനങ്ങളിൽ പാഷണ്ഡതയുടെ തലനാരിഴ കീറിനോക്കാൻ ശ്രമിച്ചവരുമുണ്ട്. ഇവർക്കെതിരായി ഒരു വാക്കുപോലും ആ യോഗീന്ദ്രൻ ഉരിയാടിയിട്ടില്ല. എല്ലാം മൗനമായി ഉള്ളിലൊതുക്കുക മാത്രം ചെയ്തു പോന്നു. അവരോടദ്ദേഹത്തിന് യാതൊരു വിരോധവുമില്ല. അതിൽ ചിലയാളുകൾ അദ്ദേഹത്തിന്റെ കഠിനാദ്ധ്വാന ഫലമായി ഇന്ന് അവർ നില്ക്കുന്ന 'അത്യുന്നത' സ്ഥലത്ത് എത്തിയവരുമാണ്. എങ്കിൽപോലും അദ്ദേഹത്തിന് അവരോട് വിപ്രതിപത്തി തോന്നിയിട്ടില്ല എന്നതാണ് സത്യം.

www.malankaralibrary.com



## നല്ല ഓട്ടം പൂർത്തിയാക്കി

രോഗശയ്യയിൽ അസാമാന്യ സഹിഷ്ണുതയും സഹനവും, നിസംഗതയും വീരോചിത സന്യാസതൈക്ഷ്ണ്യവും കാട്ടിക്കൊണ്ട് വളർച്ചയെത്തിയ, ആഴവും പരപ്പും അപാരതയിലേക്ക് അതിലംഘിച്ചു നില്ക്കുന്ന, അദ്ദേഹത്തിന്റെ ശാലീന ഭക്തജീവിതം ലളിതസുന്ദരമാണ്. കഴുത്തിൽ ഇപ്പോഴും എപ്പോഴും ധരിക്കുന്ന കമ്പിളി ഉത്തരീയം ആ മാതൃഭക്തന്റെ ഏക അലങ്കാരമാണ്. പൗരസ്ത്യ ചിന്ത മൂർത്തീഭവിച്ചിരിക്കുന്ന ആ മഹാത്മാവു് കിഴക്കൻ രീതിയിൽ ഓരോ യാമത്തിലും അപ്പപ്പോഴത്തെ യാമപ്രാർത്ഥനകൾ സുറിയാനി ഭാഷയിൽ തന്നെ ചൊല്ലിയിരുന്നു. സാധിക്കുന്നിടത്തോളം കൃത്യമായി അതു നിർവ്വഹിക്കുവാൻ അദ്ദേഹം കാട്ടിയിരുന്ന താല്പര്യം തീർത്തും അനുകരണാർഹമത്രേ. രോഗശയ്യയിൽ പോലും ഇതിന് കോട്ടം വരുത്തിയിരുന്നില്ല. നാക്കു കുഴഞ്ഞു് വിവശനായി ശയ്യാവലംബിയായി തീർത്തും പരസഹായം കൂടാതെ ഇരിക്കാൻപോലും നിവൃത്തിയല്ലാതായിത്തീർന്നതുവരെ ഈ ഭക്താഭ്യാസം അദ്ദേഹം നിർവ്വഹിച്ചുപോന്നു. താനോടിയ നല്ല ഓട്ടം പൂർത്തിയാക്കിയ അദ്ദേഹം ഓട്ടക്കളത്തിൽ ശക്തിയററു വീണു് ചെത്തിപ്പുഴ മിഷൻ ഹോസ്പിററലിൽ നിത്യകവാടം തുറക്കപ്പെടുന്നതും കാത്തു് അക്ഷോഭ്യനായി, ഭയരഹിതനായി, സംതൃപ്തനായി സന്തോഷ ചിത്തനായി കഴിയുകയായിരുന്നു.

www.malankaralibrary.com



# നാഴികക്കല്ലുകൾ

1899 — ജനനം

1918 — സന്യാസസഭാപ്രവേശനം.

1919 — ആദ്യവ്രതാനുഷ്ഠാനം.

1927 — പൗരോഹിത്യം.

1928 — ആദ്യറോമായാത്ര.

1930 — സെമിനാരി പ്രൊഫസർ.

1934 — പൗരസ്ത്യസഭകളുടെ കാനോൻനിയമക്രോഡീകരണത്തിനായുള്ള പൊന്തിഫിക്കൽ കമ്മീഷനംഗം.

1939 — തിരു. സർവ്വകലാശാല സുറിയാനി പരീക്ഷകൻ.

1943 — ദഫ്നിത്തർ ജനറൽ.

1952 — പൗരസ്ത്യ തിരുസംഘത്തിന്റെ ആലോചനക്കാരൻ.

1953 — കർദ്ദിനാൾ ടിസറാങ്ങിന്റെ സെക്രട്ടറി.

1954 — റോമിലേയ്ക്കു താമസം മാററി. സീറോ—മലബാർ കുർബാന പുനരുദ്ധാനത്തിനുള്ള പൊന്തിഫിക്കൽ കമ്മീഷനംഗം.

1956 — ബഥനിമഠങ്ങളുടെ വിസിററർ.

1958 — മലബാർ കോളേജിന്റെ റെക്ടർ.

1960 — രണ്ടാം വത്തിക്കാൻകൗൺസിലിന്റെ അജണ്ട ക്രോഡീകരിക്കുന്നതിനുള്ള പൊന്തിഫിക്കൽ കമ്മീഷന്റെ ഉപദേശകൻ.

1963 — രണ്ടാം വത്തിക്കാൻകൗൺസിൽ പേപ്പൽ എക്സ്പേർട്ട്

— പൗരസ്ത്യസഭകൾക്കായുള്ള സൂനഹദോസ് കമ്മീഷന്റെ കൺസൾട്ടർ.

1969 — വ്രതാനുഷ്ഠാന സുവർണ്ണജൂബിലി, സപ്തതി.

1977 — പൗരോഹിത്യ സുവർണ്ണജൂബിലി.

1980 — റോമിൽനിന്നും തിരിച്ചെത്തി ചെത്തിപ്പുഴയിൽ താമസമാക്കി.

www.malankaralibrary.com



# പ്ലാസിഡച്ചന്റെ കൃതികൾ

**A. Books.**

1. അന്ത്യോക്യാ പാത്രിയർക്കീസ്, മാന്നാനം 1928 (1930).
2. പൗരസ്ത്യസഭകൾ, മാന്നാനം 1930,
3. എഫേസൂസ് സൂനഹദോസും റോമാമാർപ്പാപ്പായും, മാന്നാനം 1931.
4. The Syrian Carmelite Congregation, Trichinapoly, 1932.
5. എഫേസൂസ് സൂനഹദോസ്, എറണാകുളം, 1932.
6. Ritus et Libri Liturgici Syro–Malabarenses, Thevara, 1933.
7. മാപ്പാപ്പായുടെ പരമാധികാരവും അപ്രമാദിത്വവും, മാന്നാനം, 1933.
8. തിരുസ്സഭയും മാപ്പാപ്പായും, തിരുവല്ല, 1934 (1935)
9. തത്വപ്രകാശിക, ചങ്ങനാശ്ശേരി, 1935.
10. De fontibus Juris Canonici Syro–Malankarensium, Vatican. 1937.
11. The Syrian Church of Malabar, Its Catholic Communion, Changanacherry, 1938.
12. Fontes Juris Canonici Syro–Malankarensium, Vatican, 1940.
13. കൂനൻകുരിശിനു മുൻപ്, തിരുവല്ല, 1940.
14. Has Antioch Universal Primacy, Thiruvalla, 1946.
15. നമ്മുടെ കണ്ണുകൾ ഭാഗ്യമുള്ളവ, തിരുവല്ല, 1946.
16. St. Thomas and the Church of Palayur, Choondal, 1951.
17. നമ്മുടെ റീത്ത്, മാന്നാനം, 1951 (1944).
18. Die Thomas-Christen, Wurzburg, 1966.

www.malankaralibrary.com



19. St. Thomas Christians, London, Bombay, 1970.
20. The Travalogue of Paremmakel Thomma Kathanar (Translation), Rome, 1971.
21. The Hierarchy of Syro–Malabar Church, Alleppey, 1976.
22. Ritus et Libri Liturgici Syro–Malabarici, Thevara,1933
23. The Thomas Christians and Their Syriac Treasures, Alleppey, 1974.
24. The Individuality of Malabar Church, Palai, 1972.
25. The Svrian Church of Malabar, Rome.
26. മാതാവിന്റെ പിറവി, സ്വർഗ്ഗാരോഹണത്തിരുനാൾകൾക്ക് ഉള്ള പ്രാർത്ഥനാശുശ്രൂഷ, ചങ്ങനാശ്ശേരി, 1982.
27. Reflections on Liturgy, Kottayam, 1983.
28. The Rise and Decline of the Indian Church of St. Thomas Christians, Kottayam, 1979.
29. The Malabar Christians, Alleppey,
30. Four Essays on pre 17th c. Church of the Thomas Christians of India (Malabar) Changanacherry, 1977.
31. Mariology of the Church of East. Rome 1980.

**B. Articles, Foreign Languages**

1. "St. Thomas in S. India", Ninth All–India Oriental Conference, pp. 19 ff. Tvm. 1937.
2. "Un die Einheit der kirche In Indien, Zum Ubertritt des Jakobitische Bishofs Mar Severios", Katholische Missionnem, 66 (1938), pp. 94–98.
3. "The Social and the Socio–Ecclesiastical Customs of the Syrian Christians of India", Eastern Churches Quarterly, 7 (1947) pp. 222–36.

www.malankaralibrary.com



4. "The Catholic Syrians of Malabar and the Motu Proprio 'Crebrae Allatae' ", The Clergy Monthly 13 (1949) pp. 365-80.

5. The Efforts for reunion in Malankara, S, India", 'Unitas', Rome (1953) pp. 7–15.

6. "The S. Indian Apostolate of St. Thomas" Orientalia Christiana Periodica 18 (1952), pp. 229–45.

7. Statistica Christianorum S. Thomae", Orientatia Christiana Periodica 3 (1937), pp. 292–95.

8. "Oriental Marriage Legislation", Clergy Monthly, 14 (1950) pp. 1927–43.

9. "Regarding Orientals", Clergy Monthly 16 (1952) pp. 36.

10. "Divided Christendom", Clergy Monthly 16 (1952) pp. 390 – 403.

11. "The Dhariyaikal Christians of Thiruvancode". The I.H.I. Silver Jubilee Commemoration, 1953 pp. 317–19.

12. "Die St. Thomas Christen order die Syrischen Christen Von Malabar", Ostkircheiche Studien, 4 (1955) pp. 261–88.

13. "Les Syriens du Malabar", L'Orient Syrien 1 (1956) pp· 375 – 424.

14. "Les Dioces Syro–Malabars", L'Orient Syrien 1 (1956) pp. 212–220.

15. "The Syro–Malabarians, their life and their Activities", Nouvelle Revue de Science Missionnaire, 12 (1956) pp. 241–56.

16. "Portughese Religious Conquests in Malabar under the Diocese of Cochin during the 16th c, the reports for 1957", Ibid 13 (1957), pp. 287–306.

17. "One Rite for India?" ECR (2/2) (1956) pp. 175–179.

18. "The Thomas Christians and Adaptations," ECR 3/2 (1970) pp. 171–177.

www.malankaralibrary.com



19. "Die Christologie Babais des Grossen und der nicht Katholischen Ostsyrer order (Nestorianer)", ut omnes unum 36 (1973) pp. 180–87.

20. "The present Syro-Malabar Liturgy, Menozian or Rozian"?, Orientalia Christiana Periodica, 23 (1957) pp. 313–331

21. "Restoration of the Syro-Malabar Qurbana with its accessories", Rome, 1960.

22. "The Malabarians", La Sacra Congragatione Per le Chiese Orientali nel Cinquantessimo delea Fondazione 1917–1967, (1967) pp. 301–306.

23. "The Malankarians", Ibid. pp. 309–315.

24. "St. Thomas in S. Indian Tradition", St. Thomas the Apostle pp. 1–14.

25. "St. Thomas in Syrian Writings and Liturgies", Ibid. pp. 68–80.

26. "Hindu in Culture, Christian in Religion, Oriental in Worship", Ostkirchliche Studien, 8 (1959) pp. 82–104.

27. "Die Thomas Christen", Lexicon fuer Theologic und Kirche.

28. "Malabar Rite", The New Catholic Encyclopedia.

29. "Synod of Diamper", The New Encyclopedia.

30. "Hierarchia Ecclesia Syro-Malabarenis", Rome 1974.

31. "Lo Lcisma Dei Giacobiti Nel Malabar", 1653–1663/5.

32. "The Syro-Malankarites – The Silver Jubilee of their Reunion", Unitas, (spring 1955) pp. 18–22.

33. "De Fontibus Juris Ecclesiastici Syro-Malankarentium Commentarius Historico-Canonicus, in Codificatione Cannonica Orientale", Fonti. Serie 11, Fasc 8, Rome 1937.

www.malankaralibrary.com



## C. Articles, Malayalam

1. "മൈലാപ്പൂർ", ദീപിക വിശേഷാൽപ്രതി മാർ തോമ്മാ ശതാബ്ദി സ്മാരകം (1952) pp. 115–16.
2. "കേരള നസ്രാണികളും ദേശസഞ്ചാരികളും", Ibid. pp. 163–64–66.
3. "കേരളസഭയും ഇതരസഭകളും" Ibid. pp. 169–72.
4. "ഉദയമ്പേരൂർ സൂനഹദോസ്", Ibid. 187–89.
5. "കാല്പാടുകൾ", ദീപിക വിശേഷാൽപ്രതി സെൻറ്സേവ്യർ സ്മാരകം (1952) pp. 9–10.
6. "ഇന്നത്തെ ബേസ്ലഹം", കർമ്മെലകുസുമം (1930) pp. 10–11
7. "അകത്തോലിക്കാവാദങ്ങൾക്ക് കത്തോലിക്കാ പ്രത്യുത്തരം" Ibid. 28 (pp. 206–7, 236–7, 67–8, 78–80); 29 (17–19, 41–42, 67, 88–90, 115–116, 138–40, 233–34, 253–54, 277–78); 30 (43–44, 87–88, 138–39, 162–63, 185–86).
8. "പരിശുദ്ധ ത്രീത്വം", Ibid. 35 (1937) pp. 139_43.
9. "ശ്ലീഹന്മാരിൽ നിക്ഷിപ്തമായ അധികാരം", Ibid. 35 (1937) pp. 178_82, 239_42.
10. ,'വി. ഫ്രാൻസിസ്ലോസിന്റെ മൂന്നാംസഭ'', Ibid. 40 (1942) pp 45_47, 76–79.
11. "മരിയൻഭക്തിയും കേരള സുറിയാനി കർമ്മെലീത്തരും", Ibid. 49 (1951) pp. 327–29, 361–66, 50 (1952) pp. 6–9.
12. "സ്വകാര്യസ്വത്ത്" 50 (1952) pp. 181_82.
13. "ചെങ്കടലിലെ സ്മരണകൾ", Ibid. 26 (1928) pp. 231_33
14. "ദേവമാതാവും യാക്കോബായ വിശ്വാസവും", Ibid. 26 (1928) pp. 104–5, 132–34, 149_51, 181–84.
15. "ഗുരുപ്പട്ട സ്വർണ്ണജൂബിലി", Ibid. 27 (1929) pp. 272–3.
16. "റഷ്യയിലെ മതപീഡനം അഥവാ ധീരനായ ഒരു മെത്രാൻ", വേദപ്രചാരമദ്ധ്യസ്ഥൻ (1930) pp. 227_30.

www.malankaralibrary.com



17. ''ശുദ്ധമുള്ള റൂഹായും മലങ്കരയും'', Ibid. 2 (1930) pp. 292_96.

18. ''യാക്കോബായക്കാരുടെ പുനരൈക്യം'', Ibid. 3 (1930) pp. 114-118.

19. ''ഏകസ്വഭാവവാദം'', Ibid. 3 (1931) pp. 131-35.

20. ''ഏകസ്വഭാവവാദത്തിന്റെ ഉത്ഭവം'', Ibid. 3 (1931) pp. 169-74.

21. ''നവംബർമാസത്തിലും തോമാശ്ലീഹാ'', Ibid. 3 (1931) pp. 126_30.

22. ''ലൂഥറിനു മുമ്പുണ്ടായിരുന്ന വേദപുസ്തകം'', Ibid. 5 (1932) pp. 9_13.

23. ''മിശിഹായുടെ രാജത്വം'', Ibid. 8 (1935) pp. 105_112.

24. ''നമ്മുടെ റീത്തു്'', Ibid. 8, 9 (1930) pp. 61_64. Ibid. 13 (1940) pp. 125-128, 162_168, 218_46; 249-56, 329_35, 369_76, 409_14; Ibid. 14 (1941) pp. 9_16, 65-70, 97-104, 129-36, 161-71.

25. ''കൽദായ റീത്തു്'', Ibid. 14 (1942) pp. 303_5.

26. ''വൈദികപഞ്ചാംഗവും തിരുനാളുകളും'', Ibid. 14 (1942) pp. 325-30.

27. ''കൽദായ റീത്തു്'' Ibid. 15 (1943) pp. 16-18, 52_53, 73-74, 93-93.

28. ''കുടമാളൂർ ചരിത്രത്തിലൂടെ'', St. Mary's Church Kudamaloor Souvenir, 1980 pp. 7-11.

---

Printed at St. Joseph's Press, Mannanam.

www.malankaralibrary.com

MALANKARA
LIBRARY